വാർഷിക റിപ്പോർട്ട്

&

ഏകീകൃത സാമ്പത്തിക സ്റ്റേറ്റ്മെന്റ്

(2022 ഏപ്രിൽ മുതൽ 2023 മാർച്ച് വരെ)

/kilatcr /kilathrissur /company/kilathrissur /kilatcr

ഞങ്ങളുടെ സാമ്പത്തിക ഉപദേഷ്ടാക്കൾ

Statutory Auditors

SGS & Company
CHARTERED ACCOUNTANTS
SUPPORT | GROWTH | SUSTAINABILITY

Pallikkulam Road, Near Chaldean Centre
Thrissur – 680 001

Our Bankers

SBI

Minalur Branch,
Athani, Thrissur

On the cover


SDG 17 Colour Icons

വാർഷിക റിപ്പോർട്ട്

&

ഏകീകൃത സാമ്പത്തിക സ്റ്റേറ്റ്മെന്റ്

(2022 ഏപ്രിൽ മുതൽ 2023 മാർച്ച് വരെ)



സന്ദേശം

കിലയുടെ വളർച്ചാ സഞ്ചാരപഥം സമീപവർഷങ്ങളായി ഉയരങ്ങളെ ലക്ഷ്യമാക്കികൊണ്ടായിരുന്നു. 2022-23 വർഷവും ഇതിൽ നിന്നും വിഭിന്നമല്ല. ഏറെ പ്രാധാനമർഹിക്കുന്നതും വിജയകരവുമായ ചില സംരംഭങ്ങൾ ഞങ്ങൾ ഏറ്റെടുത്ത വർഷം കൂടിയായിരുന്നു അത്. അതിദരിദ്രരെ കണ്ടെത്തുന്നതിനായുള്ള ആശയരൂപീകരണം, പരിശീലനം, പൂർത്തീകരണം എന്നതായിരുന്നു അവയിൽ ഏറ്റവും പ്രധാനം. ഇതിനെ തുടർന്ന് തൊഴിൽസഭയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും ഏറ്റെടുത്തു. ഈ പ്രവർത്തനങ്ങൾ സംസ്ഥാനത്തിനകത്തും പുറത്തും കിലയുടെ യശസ്സ് ഉയർത്തി. സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശിക വൽക്കരണത്തിനായുള്ള ഞങ്ങളുടെ ഉദ്യമത്തിന് രാജ്യത്താകമാനം സ്വീകാര്യത നേടിയ വർഷം കൂടിയായിരുന്നു 2022-23. ദാരിദ്ര്യ മുക്ത ഗ്രാമപഞ്ചായത്തുകൾ എന്ന വിഷയത്തിലൂന്നി സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശിക വൽക്കരണത്തെ അധികരിച്ച് ഒരു ദേശീയ സമ്മേളനം സംഘടിപ്പിക്കുവാനും ഞങ്ങൾക്ക് കഴിഞ്ഞു. വൈവിധ്യമാർന്ന പരിശീലന പരിപാടികൾ, ആക്ഷൻ റിസർച്ച്, ദേശീയ തലത്തിലുള്ള പഠനങ്ങൾ, നയപരമായ ശുപാർശകൾ എന്നിവയിലുള്ള ഞങ്ങളുടെ സജീവ പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടിരിക്കുന്നു. നഗരഭരണ ഡൊമെയ്ൻ രാജ്യത്ത് പ്രതിഷ്ഠനേടുകയും കാലാവസ്ഥ വ്യതിയാനങ്ങളെക്കുറിച്ചുള്ള സംരംഭങ്ങൾ രാജ്യത്തിനകത്തും പുറത്തും അംഗീകരിക്കപ്പെടുകയും ചെയ്തു. നവകേരളം കെട്ടിപ്പടുക്കുന്നതിലേക്കുള്ള പ്രയാണത്തിൽ വികേന്ദ്രീകരണവും പ്രാദേശിക ഭരണവും ശക്തിപ്പെടുത്തുന്നതിൽ ഇനിയും ഒരുപാട് ദൂരം താണ്ടാനുണ്ടെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. തീർച്ചയായും ഞങ്ങൾ തരണം ചെയ്യും!



ഡോ. ജോയ് ഇളമൺ
ഡയറക്ടർ, കില

ഉള്ളടക്കം

സന്ദേശം	5
ഞങ്ങളെ കുറിച്ച്	8
ഞങ്ങളുടെ കർത്തവ്യം	11
ഞങ്ങളുടെ കാമ്പസുകൾ	12
ഞങ്ങളുടെ ഗുണമേന്മാ നയം	13
ഞങ്ങളുടെ മാനേജ്മെന്റ് ബോർഡ്	14
2022-23 ഒറ്റനോട്ടത്തിൽ	17
ദേശീയ ശില്പശാല	19
പരിശീലനപരിപാടികൾ	23
യാത്രയയപ്പ്	30
സഹകരണപരമായ പദ്ധതികളും പരിശീലനങ്ങളും	37
ലിംഗഭേദവുമായി ബന്ധപ്പെട്ട പരിപാടികൾ	55
പഠന സന്ദർശനങ്ങൾ	59
ജീവനക്കാരുടെ പേരുവിവരങ്ങൾ	63
ആഡിറ്റ് റിപ്പോർട്ട്	73

കേരളത്തിലെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണം ലക്ഷ്യമാക്കി സ്ഥാപിക്കപ്പെട്ട ഒരു സ്വയംഭരണ സ്ഥാപനമാണ് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില). 1990 ൽ സ്ഥാപിതമായി. 1955 ലെ തിരുവിതാംകൂർ-കൊച്ചി ലിറ്ററി, സയന്റിഫിക് ആൻഡ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തതുമായ കില, തദ്ദേശ സ്വയംഭരണത്തിന്റെയും വികേന്ദ്രീകരണത്തിന്റെയും പദവി ഉയർത്തുന്നതിൽ ഒരു ജീവശക്തിയായി ഉയർന്നുവന്നിട്ടുണ്ട്. കിലയുടെ വ്യത്യസ്തമായ സംഭാവനകൾ അംഗീകരിച്ചുകൊണ്ട് കേരള കേന്ദ്ര സർവകലാശാല 2014 ജൂലൈ 14 മുതൽ അവരുടെ അന്താരാഷ്ട്രബന്ധ വകുപ്പിന്റെ ഒരു ഗവേഷണ കേന്ദ്രമായി കിലയെ അംഗീകരിച്ചു. തദ്ദേശ സ്വയംഭരണവുമായി ബന്ധപ്പെട്ട കൃത്യതയുള്ള ഗവേഷണ ശ്രമങ്ങളിൽ ഏർപ്പെടാനുള്ള കിലയുടെ കഴിവുകൾ ഈ അംഗീകാരം വർദ്ധിപ്പിക്കുന്നു.

ആരംഭകാലം മുതൽ തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനായുള്ള നിരവധി ഇടപെടലുകളുടെ പ്രതിബദ്ധതയിൽ കില ഉറച്ചുനിൽക്കുന്നു. പരിശീലന പരിപാടികൾ, ആക്ഷൻ റിസർച്ച്, പ്രസിദ്ധീകരണങ്ങൾ, സെമിനാറുകൾ, ശില്പശാലകൾ, കൺസൾട്ടൻസി സേവനങ്ങൾ, ഡോക്യുമെന്റേഷൻ, ഹാൻഡ്ഹോൾഡിംഗ്, വിജ്ഞാന വ്യാപനം തുടങ്ങിയ സമഗ്രമായ പ്രവർത്തനങ്ങളിലൂടെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരെ കില ശാക്തീകരിക്കുന്നു.



ഞങ്ങളെക്കുറിച്ച്

വ്യക്തമായ ഉത്തരവാദിത്തങ്ങളാൽ നയിക്കപ്പെടുന്ന കില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്തിന്റെ സാമൂഹിക-സാമ്പത്തിക വികസനം സുഗമമാക്കാനും ത്വരിതപ്പെടുത്താനും ശ്രമിക്കുന്നു. കേരള സർക്കാരിന്റെ പിന്തുണയുള്ള ഒരു വിശ്വസനീയ നോഡൽ ഏജൻസി എന്ന നിലയിൽ പരിശീലനം, ഗവേഷണം, കൺസൾട്ടൻസി എന്നിവയിൽ പരിവർത്തനപരമായ സംരംഭങ്ങൾക്ക് കില നേതൃത്വം നൽകുകയും താഴെപ്പറയുന്ന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉത്സാഹത്തോടെ പ്രവർത്തിക്കുകയും ചെയ്യുന്നു.

1. കേരളത്തിലെ ഗ്രാമീണ, നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കുമായി വിവിധ പരിശീലന പരിപാടികൾ നടത്തുക
2. വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയ സുഗമമാക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുക.
3. പ്രവർത്തന കേന്ദ്രീകൃത ഗവേഷണ പ്രവർത്തനങ്ങൾ നടത്തുക
4. പ്രാദേശിക ഭരണത്തെക്കുറിച്ചുള്ള മികച്ച സമ്പ്രദായങ്ങൾ പ്രചരിപ്പിക്കുന്നതിനായി സെമിനാറുകൾ, ശില്പശാലകൾ, ചർച്ചകൾ എന്നിവ സംഘടിപ്പിക്കുക.
4. നയ രേഖകൾ രൂപീകരിക്കുക.

ഈ മഹത്തായ ലക്ഷ്യങ്ങൾ പിന്തുടരുകയും, കേരളത്തിന്റെ സാമൂഹിക-സാമ്പത്തിക പുരോഗതിക്ക് സ്ഥിരമായി സംഭാവന നൽകുകയും പ്രാദേശിക സമൂഹങ്ങളെ അഭിവൃദ്ധിപ്പെടുത്തുകയും ശാക്തീകരിക്കുകയും ചെയ്യുന്ന കില മികവിന്റെ ഒരു ദീപസ്തംഭമായി നിലകൊള്ളുന്നു.

ഞങ്ങളുടെ കാമ്പസുകൾ

01 സെന്റർ ഫോർ ട്രൈബൽ ഡവലപ്പ്മെന്റ് ആന്റ് നാച്ചുറൽ റിസോഴ്സസ് മാനേജ്മെന്റ്, അഗളി, പാലക്കാട്

02 സെന്റർ ഫോർ ഹുമൺ റിസോഴ്സസ് ഡവലപ്പ്മെന്റ്, കൊട്ടാരക്കര കൊല്ലം

03 സെന്റർ ഫോർ ഗുഡ് ഗവേണൻസ് മണ്ണുത്തി, തൃശൂർ

04 സെന്റർ ഫോർ സോഷ്യോ ഇക്കണോമിക്സ് ഡവലപ്പ്മെന്റ്, കൊട്ടാരക്കര, കൊല്ലം

05 സെന്റർ ഫോർ ഓർഗാനിക് ഫാമിംഗ് ആന്റ് വേസ്റ്റ് മാനേജ്മെന്റ്, തളിപറമ്പ, കണ്ണൂർ

06 റീജിയണൽ ഓഫീസ്, തിരുവനന്തപുരം

ഞങ്ങളുടെ കർത്തവ്യം

നയപരമായ രേഖകൾ രൂപീകരിക്കുക,
നയപരമായ ഉപദേശങ്ങൾ നൽകുക

പങ്കാളിത്ത ആസൂത്രണ പ്രക്രിയ
സുഗമമാക്കുകയും
ശക്തിപ്പെടുത്തുകയും ചെയ്യുക

പ്രാദേശിക ഭരണത്തെക്കുറിച്ചുള്ള മികച്ച
സമ്പ്രദായങ്ങൾ രേഖപ്പെടുത്തുകയും
പ്രചരിപ്പിക്കുകയും ചെയ്യുക.

പ്രവർത്തനപരവും നയപരവുമായ
ഗവേഷണം നടത്തുക

സെമിനാറുകൾ, ശില്പശാലകൾ,
ചർച്ചകൾ സംഘടിപ്പിക്കുക

ഗ്രാമ-നഗര തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ
ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കുംവേണ്ടി
വിവിധ പരിശീലനപരിപാടികൾ ഏറ്റെടുക്കുക.

ഞങ്ങളുടെ കാമ്പസുകൾ





തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യശേഷി മെച്ചപ്പെടുത്തുന്നതിന് വിവിധ പരിശീലന പദ്ധതികൾ ആസൂത്രണം ചെയ്തുകൊണ്ടും പഠനഗവേഷണങ്ങൾ നടത്തിയും മറ്റ് സാങ്കേതിക സഹായങ്ങൾ, നിരന്തര പിന്തുണ എന്നിവ ഉറപ്പാക്കിയും തുടർച്ചയായ അവലോകനത്തിലൂടെ ഗുണഭോക്താക്കളുടെ സംതൃപ്തി ഉറപ്പുവരുത്തിയും സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും സാമൂഹിക സാമ്പത്തിക പ്രാദേശിക വികസനങ്ങളിൽ സമഗ്രമായ അഭിവൃദ്ധി കൈവരിക്കുക എന്നതാണ് ഞങ്ങളുടെ നയം



ഗവേണിംഗ് കൗൺസിൽ

ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിയമാവലി അനുസരിച്ച് സ്ഥാപനത്തിന്റെ പൊതുവായ മേൽനോട്ടം ഗവേണിംഗ് കൗൺസിലിൽ നിക്ഷിപ്തമാണ്.

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി (ചെയർപേഴ്സൺ)
2. ചീഫ് സെക്രട്ടറി (വൈസ് ചെയർപേഴ്സൺ)
3. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് (കൺവീനർ)
4. സെക്രട്ടറി, ധനകാര്യ വകുപ്പ്
5. ഗ്രാമവികസന കമ്മീഷണർ
6. ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
7. ഡയറക്ടർ, നഗരകാര്യ വകുപ്പ്
8. സെക്രട്ടറി, ആസൂത്രണ സാമ്പത്തിക വകുപ്പ്
9. പ്രതിനിധി, ഗ്രാമവികസന മന്ത്രാലയം (കേന്ദ്ര സർക്കാർ)
10. പ്രതിനിധി, പഞ്ചായത്തീരാജ് വകുപ്പ് (കേന്ദ്ര സർക്കാർ)
11. ഡയറക്ടർ, കില
12. പ്രതിനിധി, എൻ.ഐ.ആർ.ഡി. & പി.ആർ.
13. പ്രസിഡന്റ്, കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ
14. പ്രസിഡന്റ്, കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
15. പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേംബർ
16. ചെയർമാൻ, മുനിസിപ്പൽ ചെയർമാന്മാരുടെ ചേംബർ
17. ചെയർമാൻ, മേയർമാരുടെ കൗൺസിൽ
18. പാർലമെന്റ് അംഗം (ആലത്തൂർ)
19. നിയമസഭ അംഗം (വടക്കാഞ്ചേരി)

ഞങ്ങളുടെ ബോർഡ് മാനേജ്മെന്റ്

എക്സിക്യൂട്ടീവ് കമ്മിറ്റി

ഗവേണിംഗ് കൗൺസിലിന്റെ മേൽനോട്ടത്തിലും നയപരമായ നിർദ്ദേശങ്ങൾക്കും വിധേയമായി ഇൻസ്റ്റിറ്റ്യൂട്ടിന്റെ വരുമാനത്തിന്റെയും സ്വത്തുക്കളുടെയും ഭരണനിർവ്വഹണത്തിനും നിയന്ത്രണത്തിനും സമയാസമയങ്ങളിൽ ഉണ്ടാക്കുന്ന ചട്ടങ്ങൾക്കും നിയമങ്ങൾക്കും അനുസൃതമായ ഉത്തരവാദിത്തം എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.

1. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് (ചെയർമാൻ)
2. സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
3. ഗ്രാമവികസന കമ്മീഷണർ
4. സെക്രട്ടറി, ധനകാര്യ വകുപ്പ് അല്ലെങ്കിൽ പ്രതിനിധി
5. ഡയറക്ടർ, കില
6. ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
7. ഡയറക്ടർ, നഗരകാര്യ വകുപ്പ്

എം.വി. ഗോവിന്ദൻ മാസ്റ്റർ
ചെയർപേഴ്സൺ,
ഗവേണിംഗ് കൗൺസിൽ &
തദ്ദേശ സ്വയംഭരണ
എക്സൈസ് വകുപ്പ് മന്ത്രി
2.9.2022 വരെ





എം.ബി. രാജേഷ്
ചെയർപേഴ്സൺ,
ഗവേണിംഗ് കൗൺസിൽ &
തദ്ദേശ സ്വയംഭരണ
എക്സൈസ് വകുപ്പ് മന്ത്രി
6.9.2022 മുതൽ

ശാരദ മുരളീധരൻ ഐ.എ.എസ്.
ചെയർപേഴ്സൺ,
എക്സിക്യൂട്ടീവ് കമ്മിറ്റി &
അഡീഷണൽ ചീഫ് സെക്രട്ടറി





ഡോ. ജോയ് ഇളമൺ
ഡയറക്ടർ ജനറൽ,
കില

കില അക്ഷരങ്ങളിൽ


സംഘടിപ്പിച്ച പരിപാടികൾ
531


ആകെ പരിശീലന പരിപാടികൾ
6452


ആകെ പങ്കെടുത്തവർ
292401

2022–23

ഒറ്റ നോട്ടത്തിൽ









മെയിൻ കാമ്പസ്, തൃശൂർ

സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശികവൽക്കരണം ഗ്രാമ പഞ്ചായത്തുകളിൽ- ദേശിയ ശില്പശാല



സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശികവൽക്കരണത്തെ കേന്ദ്രീകരിച്ച് കേന്ദ്ര സർക്കാരിലെ പഞ്ചായത്തീരാജ് മന്ത്രാലയം (എം.ഒ.പി.ആർ) നിരവധി കോൺഫറൻസുകൾ നടത്തികൊണ്ടിരിക്കുന്നു. പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ സ്വീകരിക്കുകയും നടപ്പാക്കുകയും ചെയ്യേണ്ട ഒമ്പത് പ്രധാന വിഷയങ്ങളെ ചുറ്റിപ്പറ്റിയാണ് ഈ സമ്മേളനങ്ങൾ. (PRIs). സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശികവത്ക രണത്തിന്റെ വിജയകരമായ സാക്ഷാത്കാരം ത്രിതല പഞ്ചായത്തീരാജ് സ്ഥാപനങ്ങൾക്കുള്ളിലെ സമഗ്രമായ ധാരണയിലും ഫലപ്രദമായ നിർവ്വഹണത്തിലും അധിഷ്ഠിതമാണ്. 'ദാരിദ്ര്യമുക്തവും മെച്ചപ്പെട്ട ഉപജീവനമാർഗമുള്ളതുമായ ഗ്രാമപഞ്ചായത്ത്' എന്ന പ്രത്യേക പ്രമേയമുള്ള ഈ സമ്മേളനങ്ങളിലൊന്നിന് ആതിഥേയത്വം വഹിക്കാൻ കേരളത്തെ തിരഞ്ഞെടുത്തത്. ഈ സമ്മേളനം 2022 നവംബർ 14 മുതൽ 16 വരെ







എന്നിവരുൾപ്പെടെ എല്ലാ സംസ്ഥാനങ്ങൾ/കേന്ദ്രഭരണ പ്രദേശങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള പ്രതിനിധികളുടെ സജീവ പങ്കാളിത്തം കോൺഫറൻസിൽ ഉണ്ടായി.

വിവിധ സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ നിന്നുമുള്ള പ്രതിനിധികൾ പ്രസക്തമായ വിഷയങ്ങളിലെ തങ്ങളുടെ അനുഭവങ്ങൾ പങ്കുവെക്കുന്നതിനായി 3-4 മിനിറ്റ് ദൈർഘ്യം വരുന്ന വീഡിയോ അവതരണങ്ങൾ നടത്തി. ദാരിദ്ര്യ ലഘൂകരണത്തിലെ മികച്ച സമ്പ്രദായങ്ങളും 'ദാരിദ്ര്യമുക്തവും മെച്ചപ്പെട്ട

കൊച്ചിയിലെ സിയാൽ കൺവെൻഷൻ സെന്ററിൽ വച്ച് നടന്നു. ഗ്രാമങ്ങളെ ദാരിദ്ര്യമുക്തമാക്കുന്നതിനും എല്ലാവർക്കും മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങൾ സൃഷ്ടിക്കാനും സഹായിക്കുന്നതിനാണ് ഈ പ്രത്യേക കോൺഫറൻസ് ഊന്നൽ നൽകിയത്.

രണ്ട് നിർണായക വശങ്ങളെക്കുറിച്ച് ദേശീയ തലത്തിൽ അവബോധം വളർത്തിയെടുക്കുക എന്നതായിരുന്നു ഈ സമ്മേളനത്തിന്റെ പ്രാഥമിക ലക്ഷ്യം.

(1) പഞ്ചായത്തുകളിലൂടെ എൻ.എസ്.എ.പി., എം.ജി.എൻ.ആർ.ഇ.ജി.എസ്., എൻ.ആർ.എൽ.എം. എന്നിവ പ്രയോജനപ്പെടുത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ച് അടിസ്ഥാന സേവനങ്ങൾ, സാമൂഹിക സുരക്ഷാ സംവിധാനങ്ങൾ എന്നിവയൊരുക്കലും പാർശ്വവൽക്കരണവും.

(2) ഉപജീവനമാർഗം വർദ്ധിപ്പിക്കുക, വരുമാന ദാരിദ്ര്യത്തെ അഭിസംബോധന ചെയ്യുന്നതിലും കടുത്ത ദാരിദ്ര്യം ഇല്ലാതാക്കുന്നതിലും പഞ്ചായത്തുകളുടെ പങ്ക് എടുത്തുകാണിക്കുക.

കൂടാതെ, ദുരന്തങ്ങളും തീവ്രമായ കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന പെട്ടെന്നുള്ള ആഘാതങ്ങളെ നേരിടാൻ ദുർബലരായ സമൂഹങ്ങൾക്കിടയിൽ പ്രതിരോധശേഷി വളർത്തുന്നതിനെ അഭിസംബോധന ചെയ്യാനും സമ്മേളനം ലക്ഷ്യമിട്ടു.

മേൽപ്പറഞ്ഞ മേഖലകളിലും പ്രവർത്തനങ്ങളിലും സജീവ നടപടികൾ കൈകൊണ്ട പഞ്ചായത്തുകളെ ശിൽപശാലയിൽ പങ്കെടുക്കാൻ ക്ഷണിച്ചു. സംസ്ഥാന ഗ്രാമവികസന സ്ഥാപനങ്ങൾ, പഞ്ചായത്തീരാജ്/ഗ്രാമവികസന വകുപ്പുകൾ, ആസൂത്രണ വകുപ്പുകൾ, യു.എൻ ഏജൻസികൾ, ദേശീയ ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ട്, സ്വയം സഹായ സംഘങ്ങൾ, തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ, പഞ്ചായത്ത് പ്രവർത്തകർ











ഉപജീവനമാർഗമുള്ളതുമായ ഗ്രാമപഞ്ചായത്തുകൾ' എന്ന പ്രമേയത്തിന്റെ വിവിധ വശങ്ങൾ ഉൾകൊള്ളുന്ന 2 വീഡിയോകളെങ്കിലും 2022 നവംബർ 6 നകം സമർപ്പിക്കണമെന്ന് മന്ത്രാലയം നേരത്തെത്തന്നെ അഭ്യർത്ഥിച്ചിരുന്നു.

കോൺഫറൻസിന്റെ രണ്ടാം ദിവസം പൂർണ്ണമായും ഫീൽഡ് സന്ദർശനങ്ങളായിരുന്നു. കോൺഫറൻസിൽ പങ്കെടുത്തവരെ സംസ്ഥാനത്തെ ദാരിദ്ര്യ ലഘൂകരണത്തിന്റെയും ഉപജീവനമാർഗ മെച്ചപ്പെടുത്തലിന്റെയും നയങ്ങളെയും പ്രവർത്തനപരമായ മാനങ്ങളെയുംക്കുറിച്ച് ഉൾക്കാഴ്ച നേടുന്നതിനായി പഞ്ചായത്തുകൾ സന്ദർശിക്കുന്നതിനായി കൊണ്ടുപോയി. ദാരിദ്രം അനുഭവിക്കുന്നവർക്ക് അനുകൂലമായ വികസന പദ്ധതികൾ രൂപപ്പെടുത്തുന്നതിൽ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ, ഉദ്യോഗസ്ഥർ, പങ്കാളിത്ത ആസൂത്രണ സംവിധാനങ്ങൾ, കമ്മ്യൂണിറ്റി ഓർഗനൈസേഷനുകൾ, സ്വയം സഹായ സംഘ കൂട്ടായ്മകൾ, സന്നദ്ധപ്രവർത്തകർ, സി.എസ്.ഒ.കൾ മുതലായവർ വഹിച്ച പങ്ക് അവർക്ക് നേരിട്ട് മനസ്സിലാക്കാൻ കഴിഞ്ഞു. കേരളത്തിൽ നിന്നുള്ള ഏകദേശം 1000 ജനപ്രതിനിധികൾ, പഞ്ചായത്ത് സെക്രട്ടറിമാർ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർ, കുടുംബശ്രീ, എം.ജി.എൻ.ആർ.ഇ.ജി.എസ്. അംഗങ്ങൾ എന്നിവർ വിവിധ തലങ്ങളിൽ സജീവമായി പങ്കെടുത്തു.

ಕಲ್ಲಿಕೋಟೆ, ಶುಕ್ರವಾರ, ಅಕ್ಟೋಬರ್ 29

പരിശീലന പരിപാടികൾ



അതിദരിദ്ര കുടുംബങ്ങൾക്ക് മൈക്രോപ്ലാൻ തയ്യാറാക്കൽ

അതിദരിദ്രരെ കണ്ടെത്തൽ പ്രക്രിയ സംസ്ഥാന വ്യാപകമായി നടന്നിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ അതിദാരിദ്ര്യ നിർമാർജ്ജന ഉപപദ്ധതി മൈക്രോപ്ലാൻ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ച് സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ അതിദരിദ്ര കുടുംബങ്ങൾക്ക് മൈക്രോപ്ലാൻ തയ്യാറാക്കുന്നതിനായി വിപുലമായ പരിശീലനങ്ങളാണ് കിലയുടെ നേതൃത്വത്തിൽ നടന്നത്. വിവിധ ഘട്ടങ്ങളിലായുള്ള പരിശീലനങ്ങളുടെ വിവരങ്ങൾ ചുവടെ നൽകുന്നു.

- അതിദരിദ്ര കുടുംബങ്ങൾക്ക് മൈക്രോപ്ലാൻ തയ്യാറാക്കൽ-ജില്ലാതല പരിശീലക പരിശീലനം
- അതിദരിദ്ര കുടുംബങ്ങൾക്ക് മൈക്രോപ്ലാൻ തയ്യാറാക്കൽ - തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷൻമാർക്കും, സെക്രട്ടറിമാർക്കുമുള്ള ജില്ലാതല പരിശീലനം
- അതിദരിദ്ര കുടുംബങ്ങൾക്ക് മൈക്രോപ്ലാൻ തയ്യാറാക്കൽ - ജില്ലാതല ഉദ്യോഗസ്ഥർക്കുള്ള പരിശീലനം
- അതിദരിദ്ര കുടുംബങ്ങൾക്ക് മൈക്രോപ്ലാൻ തയ്യാറാക്കൽ - ബ്ലോക്ക്തല ഉദ്യോഗസ്ഥർക്കുള്ള പരിശീലനം
- അതിദരിദ്ര കുടുംബങ്ങൾക്ക് മൈക്രോപ്ലാൻ തയ്യാറാക്കൽ - തദ്ദേശ സ്വയംഭരണ സ്ഥാപനതല ഉദ്യോഗസ്ഥർക്കുള്ള പരിശീലനം

പ്രസ്തുത പരിശീലനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പരിശീലന സംഘാടന ചുമതല അതത് ജില്ലകളിലെ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രൊജക്ട് ഡയറക്ടർമാർക്കാണ് നൽകിയിരുന്നത്. പരിശീലന പരിപാടിയുടെ പ്രവർത്തനങ്ങൾ ജില്ലയിൽ കോർഡിനേറ്റ് ചെയ്യുന്നതിന് ജനകീയാസൂത്രണം ജില്ലാ ഫെസിലിറ്റേറ്റർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ടായിരുന്നു. പ്രസ്തുത പരിശീലന പരിപാടി വിജയകരമായി നടത്താൻ സാധിച്ചു.

"അധികാര വികേന്ദ്രീകരണവും പ്രാദേശിക ഭരണ നിർവഹണവും" എന്ന സർട്ടിഫിക്കറ്റ് കോഴ്സ്

ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയും കിലയും കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നോവേഷൻ ആൻഡ് ടെക്നോളജിയും സംയുക്തമായി വികസിപ്പിക്കുകയും പ്രദാനം നിർവഹിക്കുകയും ചെയ്ത ആറു മാസം ദൈർഘ്യമുള്ള "അധികാര വികേന്ദ്രീകരണവും പ്രാദേശിക ഭരണനിർവഹണവും" എന്ന സർട്ടിഫിക്കറ്റ് കോഴ്സ് വിജയകരമായി പൂർത്തീകരിച്ചു. കൊല്ലത്ത് സംസ്ഥാനതല അക്കാദമി കൂട്ടായ്മയും പഠനോത്സവവും സംഘടിപ്പിച്ചു. പരിപാടിയുടെ ഉദ്ഘാടനം മെയ് 31ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ നിർവ്വഹിച്ചു. ഒരുപാട് ജലസ്രോതസ്സുകൾ നമുക്കുണ്ടെന്നും ഇവയിൽ അടിഞ്ഞുകൂടിയ മാലിന്യം നീക്കം ചെയ്യുന്നതിന്റെ ഭാഗമായി വലിയ പ്രവർത്തനമാണ് തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങൾ ചെയ്തിട്ടുള്ളതെന്നും ഹരിത കേരളം മിഷന്റെ ഭാഗമായി നടന്നിട്ടുള്ള പ്രവർത്തനങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് ഏറ്റവും വലിയ പങ്ക് വഹിച്ചിട്ടുള്ളതെന്നും മുഖ്യമന്ത്രി എടുത്തുപറഞ്ഞു. തോടുകൾ വീണ്ടെടുക്കുന്നത്, കുളങ്ങൾ വൃത്തിയാക്കുന്നത്, പുതിയ കുളങ്ങൾ നിർമ്മിക്കുന്നതും കിണറുകൾ ശുദ്ധീകരിച്ചതുമെല്ലാം നാട്ടിൽ ഉപയോഗിക്കുന്ന വെള്ളം ശുദ്ധമാക്കുന്നതിനുവേണ്ടിയാണെന്നും ആ കാര്യങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടർന്നും നല്ല രീതിയിൽ ശ്രദ്ധിച്ചുപോകേണ്ടതുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. നാട്ടിലാകെ ഒട്ടേറെ വികസന പ്രവർത്തനങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. അതിൽ ആരോഗ്യകരമായ സമീപനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ചുപോരുന്നുണ്ട്. പക്ഷേ അങ്ങേയറ്റം അനാരോഗ്യകരമായ സമീപനം സ്വീകരിക്കുന്ന ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമുണ്ട്. ഒരു പദ്ധതി, ഏതെങ്കിലും ഇഷ്ടാനിഷ്ടങ്ങളോടെ തടയേണ്ടത് അല്ലായെന്നും പദ്ധതികൾ നാടിന് ആവശ്യമുണ്ടെന്നും ഒന്നും ക്രമം വിട്ടും നിയമവിരുദ്ധമായും ചെയ്യേണ്ടതില്ല എന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. സർക്കാർ ഒരുതരത്തിലും അഴിമതി പ്രോത്സാഹിപ്പിക്കുന്നില്ല. അഴിമതിക്കെതിരെ കർക്കശ നടപടിയാണ് സ്വീകരിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണകർത്താക്കളും അതേനില സ്വീകരിച്ച് പോകേണ്ടതുണ്ട് എന്ന് ചടങ്ങ് ഉദ്ഘാടനം ചെയ്തുകൊണ്ട് അദ്ദേഹം പറഞ്ഞു. ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോക്ടർ ആർ. ബിന്ദു ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. അക്കാദമിക് ബ്ലോക്ക് ഉദ്ഘാടനവും സ്ട്രാറ്റജിക് പ്ലാനിങ് രേഖയുടെ പ്രകാശനവും ധനകാര്യ വകുപ്പ് മന്ത്രി ശ്രീ കെ.എൻ. ബാലഗോപാൽ നിർവഹിച്ചു. മേയർ ശ്രീമതി പ്രസന്ന ഏണസ്റ്റ്, ശ്രീ എൻ.കെ. പ്രേമചന്ദ്രൻ എം.പി., ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ സാം കെ. ഡാനിയൽ, കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ് ആൻഡ് ഇന്നോവേഷൻ ടെക്നോളജി വൈസ് ചാൻസലർ ഡോ. സജി ഗോപിനാഥ്, ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല വൈസ് ചാൻസലർ ഡോ. പി.എം. മുബാറക്ക് പാഷ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

പരിപാടിയോടനുബന്ധിച്ച് വിവിധ വിദഗ്ദ്ധർ പങ്കെടുക്കുന്ന നവകേരളനിർമ്മിതി വിജ്ഞാനം സാമൂഹിക പരിവർത്തനത്തിന് എന്ന പ്രമേയം വിവിധ സെഷനുകളിലായി ചർച്ച ചെയ്തു.

നവകേരള നിർമ്മിതിയിൽ വിദ്യഭ്യാസവും പരിശീലനവും എന്ന വിഷയത്തിൽ ടോക്ക് ഷോ നടന്നു. ഡോ. സജി ഗോപിനാഥ് ടോക്ക് ഷോ മോഡറേറ്റ് ചെയ്തു. ഡോ. ബി. ഇക്ബാൽ, ഡോ. പി.വി. ഉണ്ണിക്കൃഷ്ണൻ, പ്രൊഫ മിനി സുകുമാർ, ഡോ. ഉഷ ടൈറ്റസ് എന്നിവർ വിഷയങ്ങൾ അവതരിപ്പിച്ചു. ജനപ്രതിനിധികൾ ഉൾപ്പെടെയുള്ള സദസ്സ് വിഷയങ്ങളിൽ പ്രതികരിച്ചു. ബിരുദദാന ചടങ്ങിൽ ബഹുമാനപ്പെട്ട ചാൻസലർ കേരള ഗവർണർ ശ്രീ ആരിഫ് മുഹമ്മദ് ഖാനിന്റെ സാന്നിദ്ധ്യത്തിൽ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. പ്രോ ചാൻസലർ ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോക്ടർ ആർ ബിന്ദുവും മൃഗസംരക്ഷണ വകുപ്പ് മന്ത്രി ശ്രീമതി ചിഞ്ചു റാണിയും ചടങ്ങിൽ പങ്കെടുത്തു.

പതിനാലാം പഞ്ചവത്സര പദ്ധതി - സ്റ്റാന്റിംഗ് കമ്മിറ്റി അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്ത് വർക്കിംഗ് ഗ്രൂപ്പുകൾക്കുള്ള ജില്ലാതല പരിശീലനം

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗരേഖ പ്രസിദ്ധീകരിച്ച സാഹചര്യത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് കീഴിൽ വരുന്ന വർക്കിംഗ് ഗ്രൂപ്പുകൾക്കുള്ള പരിശീലനങ്ങൾ സംഘടിപ്പിച്ചു. അതത് ജില്ലകളിൽ ബ്ലോക്കടിസ്ഥാനത്തിൽ സംഘടിപ്പിച്ച പരിശീലനത്തിൽ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെയും സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് കീഴിൽ വരുന്ന വിവിധ വർക്കിംഗ് ഗ്രൂപ്പുകളുടെ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, കൺവീനർ, മറ്റ് രണ്ട് അംഗങ്ങൾ എന്നിവർക്കാണ് പരിശീലനം നൽകിയത്. 334 ബാച്ചുകളിലായി നടന്ന പരിശീലനത്തിൽ 26373 പേർ പങ്കെടുത്തു.

ബ്ലോക്ക് പഞ്ചായത്ത്-പതിനാലാം പഞ്ചവത്സര പദ്ധതി- സ്റ്റാന്റിംഗ് കമ്മിറ്റി അടിസ്ഥാനത്തിൽ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾക്കുള്ള ജില്ലാതല ഏകദിന പരിശീലനം

കേരളത്തിൽ അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ആവിഷ്ക്കരിച്ച ജനകീയാസൂത്രണ പ്രസ്ഥാനത്തിന് 25 വർഷം പിന്നിടുന്ന ഘട്ടത്തിലാണ് പതിനാലാം പഞ്ചവത്സര പദ്ധതി ആരംഭിക്കുന്നത്. വികേന്ദ്രീകൃത ആസൂത്രണത്തിൽ കാൽനൂറ്റാണ്ട് കാലം കൊണ്ട് നേടിയ അനുഭവ പരിചയം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനക്ഷമത ഗണ്യമായി വർദ്ധിക്കാൻ കാരണമായിട്ടുണ്ട്. എന്നാൽ പുതിയ കാലത്തിന്റെ വികസന സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താനും വെല്ലുവിളികൾ കാര്യക്ഷമമായി ഏറ്റെടുക്കാനും തദ്ദേശ സ്ഥാപനങ്ങളെ പ്രാപ്തമാക്കേണ്ടതുണ്ട്. പ്രസ്തുത ലക്ഷ്യത്തിനായി വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾക്കുള്ള പരിശീലനം സ്റ്റാന്റിംഗ് കമ്മിറ്റി അടിസ്ഥാനത്തിലാണ് സംഘടിപ്പിച്ചത്. പരിശീലനത്തിൽ അതാത് സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് കീഴിൽ വരുന്ന വർക്കിംഗ് ഗ്രൂപ്പുകളുടെ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, കൺവീനർ, മറ്റ് രണ്ട് അംഗങ്ങൾ എന്നിവരാണ് പങ്കെടുത്തത്. ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾക്കുള്ള പരിശീലനത്തിൽ 17 ബാച്ചുകളിലായി 537 പേർ പങ്കെടുത്തു. വികസന സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾക്കുള്ള പരിശീലനത്തിൽ 20 ബാച്ചുകളിലായി 970 പേരും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾക്കുള്ള പരിശീലനത്തിൽ 18 ബാച്ചുകളിലായി 854 പേരും പങ്കെടുത്തു. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾക്കുള്ള പരിശീലനത്തിൽ 17 ബാച്ചുകളിലായി 295 പേരാണ് പങ്കെടുത്തത്.

എൽ.എസ്.ജി.ഡി എഞ്ചിനീയർമാരുടെ പരിശീലനം

LID & EW അതിന്റെ എക്കാലത്തേയും മികച്ച മാറ്റത്തിനായി തയ്യാറെടുക്കുകയാണ്. ജനോപകാര എഞ്ചിനീയറിംഗ് നിർമ്മിതികൾ അതിന്റെ യഥാർത്ഥ ഗുണനിലവാരം ഉറപ്പുവരുത്തി മാത്രം സൃഷ്ടിക്കപ്പെടുക യെന്നതാണ് ഈ മാറ്റം കൊണ്ട് ലക്ഷ്യമാക്കുന്നത്. അതിനായി വിവര സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ സുതാര്യ പ്രവർത്തനങ്ങൾ നടത്തുന്നതിന് തീരുമാനിച്ചു കഴിഞ്ഞു. ഇത്തരം മാറ്റത്തിനായി ഫീൽഡ് തലത്തിലുള്ള എല്ലാ സാങ്കേതിക വിദഗ്ദ്ധരെയും പ്രാപ്തരാക്കുകയെന്ന ലക്ഷ്യമാണ് കൃത്യമായ പാഠ്യപദ്ധതി തയ്യാറാക്കി കിലയും ചീഫ് എഞ്ചിനീയറുടെ കാര്യാലയവും മുഖേന നടത്തപ്പെടുന്ന ഈ മഹത്തായ പരിശീലന പരിപാടിയിലൂടെ കൈവരിക്കാൻ ശ്രമിക്കുന്നത്.

ആർദ്രം 2 – ടീം പരിശീലനം

ആർദ്രം മിഷന്റെ ഭാഗമായി പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ കുടുംബാരോഗ്യകേന്ദ്രങ്ങളായി പ്രവർത്തന പഥത്തിലേയ്ക്ക് എത്തിയിരിക്കുകയാണ്. ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ ഇനിയും പൂർത്തിയാവാനുള്ളിടത്ത് അതിനുള്ള പ്രവർത്തനങ്ങളും നടന്നു വരുകയാണ്. ആദ്യ ഘട്ടത്തിൽ ഉൾപ്പെടുത്തിയിരുന്ന കുടുംബാരോഗ്യകേന്ദ്രങ്ങൾ ഇതിനോടകം തന്നെ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞിരിക്കുകയുമാണ്. ആവശ്യമായ സൗകര്യങ്ങൾ അതിവേഗത്തിൽ പൂർത്തിയാക്കി കുടുംബാരോഗ്യകേന്ദ്രങ്ങളുടെ സേവനം കുറ്റമറ്റ രീതിയിൽ വ്യാപിപ്പിക്കാനാണ് സർക്കാർ ആഗ്രഹിക്കുന്നത്. കുടുംബാരോഗ്യകേന്ദ്രം എന്ന വലിയ ആശയം സാധ്യമാകുന്നതിന് ഗ്രാമ പഞ്ചായത്തുകളുടെ സജീവമായ ഇടപെടൽ അനിവാര്യമായ സാഹചര്യമാണ് നിലവിലുള്ളത്. അതിന് മുന്നോടിയായിട്ടാണ് ഗ്രാമപഞ്ചായത്തിലെ ഭരണസാരഥികൾക്കും കുടുംബാരോഗ്യകേന്ദ്രങ്ങൾ, ഗ്രാമപഞ്ചായത്തുകൾ, വനിതാശിശു വികസന ഓഫീസ് എന്നിവിടങ്ങളിലെ ജീവനക്കാർക്കും ആരോഗ്യവകുപ്പും കിലയും സംയുക്തമായി പരിശീലനം നടത്തിയത്.

പരിശീലക പരിശീലകർക്കുള്ള പ്രൈസ് 3 സോഫ്റ്റ്വെയർ പരിശീലനം

പ്രൈസ് 1 സോഫ്റ്റ്വെയറിന്റെ പുതുക്കിയ രൂപമായ പ്രൈസ് 3 സോഫ്റ്റ്വെയറിന്റെ പരിശീലനമാണിത്. എസ്റ്റിമേറ്റ് തയ്യാറാക്കലും ടെണ്ടറിങ്ങുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഓരോ ബ്ലോക്കിൽ നിന്നും തിരഞ്ഞെടുത്ത മാസ്റ്റർ ട്രെയ്നർമാർ ആണ് പരിശീലന പങ്കാളികൾ. ട്രെയിനിങ് കിട്ടിയവർ അതാത് ജില്ലകളിൽ ചെന്ന് എഞ്ചിനീയർമാർക്ക് പരിശീലനം നൽകുകയെന്നതാണ് ദൗത്യം.

ഏകാരോഗ്യം (One Health)

മനുഷ്യന്റെ ആരോഗ്യമെന്നത് ഈ പ്രപഞ്ചത്തിലെ പക്ഷി മൃഗാദികളുമായും മാറി മാറി വരുന്ന കാലാവസ്ഥയുമായും ബന്ധപ്പെട്ടാണ് രൂപപ്പെടുന്നത് എന്നതാണ് ഏകാരോഗ്യത്തിന്റെ കാഴ്ചപ്പാട്. സമൂഹവും പ്രകൃതിയുടെ എല്ലാം മനുഷ്യന്റെ ആരോഗ്യ സംരക്ഷണത്തിന്റെ പരസ്പര പൂരകങ്ങളായ ഘടകങ്ങളാണ്. ആരോഗ്യസംരക്ഷണത്തിൽ സ്വാധീനം ചെലുത്തുന്ന ഘടകങ്ങളെ ഉദ്ഗ്രഥിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചട്ടക്കൂടിനുള്ളിലേക്ക് എത്തിക്കുന്നതിനുള്ള ഒരു യജ്ഞമാണ് സംസ്ഥാന സർക്കാരിന്റെ നിർദ്ദേശാനുസരണം ലോക ബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ കേരളത്തിൽ കില വഴി നടപ്പിലാക്കാൻ ശ്രമിക്കുന്നത്. ജനപ്രതിനിധികളുടെയും വിവിധ വകുപ്പ് ഉദ്യോഗസ്ഥരുടെയും അനൗദ്യോഗിക സംവിധാനങ്ങളിലൂടെയും മുഴുവൻ ജനങ്ങളെയും ഇതിൽ ചേർക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടക്കുന്നത്.

എന്റെ തൊഴിൽ എന്റെ അഭിമാനം

ആഗോള രംഗത്തെ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് കേരളത്തിൽ ഒരു വൈജ്ഞാനിക സമ്പദ് വ്യവസ്ഥ സൃഷ്ടിക്കുന്നതിനും അതുവഴി കേരളത്തിലെ മനുഷ്യ വിഭവശേഷിക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെയും കേരള സർക്കാർ കേരള നോളജ്





എക്കണോമി മിഷൻ എന്ന പദ്ധതിക്ക് തുടക്കം കുറിച്ചു. കേരള ഡെവലപ്മെന്റ് & ഇന്നൊവേഷൻ സ്ട്രാറ്റജി കൗൺസിലിനാണ് (KDISC) പദ്ധതിയുടെ നിർവഹണ ചുമതല. ഈ പദ്ധതി, വികേന്ദ്രീകൃത തൊഴിൽ മാതൃക പ്രോത്സാഹിപ്പിക്കുന്നതിനും, ആഗോള തൊഴിൽ കമ്പോളത്തിൽ കേന്ദ്രീകരിച്ച് പ്രവർത്തിക്കാനും അതുവഴി ലഭ്യമാകുന്ന പുതുതലമുറ തൊഴിലുകൾ അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർക്ക് ലഭ്യമാക്കാനും ലക്ഷ്യമിടുന്നു. ഇതുവഴി കേരളത്തെ വികേന്ദ്രീകൃത തൊഴിൽ മേഖലയിലെ മുൻനിര സംസ്ഥാനമായി വളർത്തിയെടുക്കാനും അടുത്ത 5 വർഷത്തിനുള്ളിൽ (2021-2026) കേരളത്തിലെ 40 ലക്ഷം വരുന്ന അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർക്ക് നൈപുണ്യ പരിശീലനം നൽകി, ചുരുങ്ങിയത് 20 ലക്ഷം പേർക്കെങ്കിലും തൊഴിൽ ലഭ്യമാക്കുകയെന്നതും ഈ പദ്ധതിയുടെ പ്രാഥമിക ലക്ഷ്യമായി കണകാക്കുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഗ്രൗണ്ട് ലെവൽ കാമ്പയിൻ ആസൂത്രണം ചെയ്യുന്നതിന്റെ ഭാഗമായി 'എന്റെ തൊഴിൽ എന്റെ അഭിമാനം' എന്ന ബാനറിൽ കേരള നോളെജ് എക്കണോമി മിഷനെക്കുറിച്ചും DWMS (Decentralised Work Management) ൽ വിദ്യാസമ്പന്നരായ തൊഴിൽ രഹിതരെ എൻറോൾ ചെയ്യുന്നതിനുള്ള പിന്തുണ നൽകുകയെന്ന ലക്ഷ്യത്തോടെ രണ്ട് ദിവസം നീണ്ടുനിന്ന റെസിഡൻഷ്യൽ വർക്ക്ഷോപ്പ് കിലയിൽ വെച്ച് നടന്നു. 2022 മാർച്ച് 22,23 ദിവസങ്ങളിലായി നടന്ന വർക്ഷോപ്പിൽ കേരള നോളെജ് എക്കണോമി പ്രതിനിധികൾ, കുടുംബശ്രീ പ്രതിനിധികൾ, കില പ്രതിനിധികൾ, മന്ത്രിയുടെ ഓഫീസിൽ നിന്നുള്ള പ്രതിനിധി എന്നിവർ ഉൾപ്പെടെ 26 പേർ പങ്കെടുത്തു.

കേരള നോളജ് എക്കണോമി മിഷൻ എന്റെ തൊഴിൽ എന്റെ അഭിമാനം കാമ്പയിന്റെ രണ്ടാംഘട്ട വർക്ക്ഷോപ്പ് 2022 ഏപ്രിൽ 11,12 തീയതികളിലായി കിലയിൽ വെച്ച് സംഘടിപ്പിച്ചു. രണ്ട് ദിവസം നീണ്ടുനിന്ന ഈ വർക്ഷോപ്പിൽ 14 ജില്ലകളിൽ നിന്നായി 115 പ്രതിനിധികൾ പങ്കെടുത്തു.

പതിനാലാം പഞ്ചവത്സര പദ്ധതി വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾക്കുള്ള പരിശീലനം

കേരളത്തിൽ അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ആവിഷ്ക്കരിച്ച ജനകീയാസൂത്രണ പ്രസ്ഥാനത്തിന് 25 വർഷം പിന്നിടുന്ന ഘട്ടത്തിലാണ് പതിനാലാം പഞ്ചവത്സര പദ്ധതി ആരംഭിക്കുന്നത്. വികേന്ദ്രീകൃതാസൂത്രണത്തിൽ കാൽനൂറ്റാണ്ട് കാലം കൊണ്ട് നേടിയ അനുഭവപരിചയം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനക്ഷമത ഗണ്യമായി വർദ്ധിക്കാൻ കാരണമായിട്ടുണ്ട്. എന്നാൽ പുതിയ കാലത്തിന്റെ വികസന സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താനും വെല്ലുവിളികൾ കാര്യക്ഷമമായി ഏറ്റെടുക്കാനും തദ്ദേശ സ്ഥാപനങ്ങളെ പ്രാപ്തരാക്കേണ്ടതുണ്ട്. വൈജ്ഞാനികസമൂഹം, മാനവവികസനം, സുസ്ഥിരവളർച്ച എന്നിവയാണ് പതിനാലാം പഞ്ചവത്സര പദ്ധതിയുടെ മുദ്രാവാക്യം. ഈ നേട്ടങ്ങൾ കൈവരിക്കുന്നതിന് സംസ്ഥാനത്തെ ജില്ലാ പഞ്ചായത്ത് ഭരണസമിതികൾക്കും എല്ലാ സ്റ്റാൻറിംഗ് കമ്മിറ്റികൾക്കും അവയുടെ പരിധിയിൽ വരുന്ന വിവിധ വർക്കിംഗ് ഗ്രൂപ്പുകൾക്കും ഇക്കാര്യത്തിൽ സവിശേഷമായ പങ്കാളിത്തം നിർവ്വഹിക്കാനുണ്ട്. ഇതിനായി ജില്ലാ പഞ്ചായത്തിന്റെ എല്ലാ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾക്കുമുള്ള പരിശീലനം 2022 ന് ഏപ്രിൽ 18 ന് തുടങ്ങി ജൂൺ 30 വരെയുള്ള തീയതികളിലായി തൃശൂർ കിലയിൽവെച്ച് സംഘടിപ്പിച്ചു. പരിശീലനത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, വർക്കിംഗ് ഗ്രൂപ്പുകളുടെ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, കൺവീനർ, മറ്റ് രണ്ട് അംഗങ്ങൾ എന്നിവരാണ് പങ്കെടുത്തത്. 11 ബാച്ചുകളിലായി 400 ഓളം പ്രതിനിധികളാണ് പങ്കെടുത്തത്.

ട്രെയ്നിംഗ് ഓൺ കൺവർജിംഗ് ആക്ടിവിറ്റീസ് : തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കുടുംബശ്രീയും

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണ സമിതിയും കുടുംബശ്രീ സി.ഡി.എസ്സും തമ്മിലുള്ള ബന്ധം കൂടുതൽ ഊഷ്മളമാക്കുന്നതിനും അവരുടെ റോളുകൾ / ഇടപെടലുകൾ കുറെ കൂടി വ്യക്തവും സുതാര്യവുമാക്കുന്നതിനും ചെയർപേഴ്സൺമാർ , അസിസ്റ്റന്റ് സെക്രട്ടറിമാർ സി.ഡി.എസ്. ചെയർപേഴ്സൺമാർ എന്നിവർക്ക് കുടുംബശ്രീ മിഷനുമായി ചേർന്ന് ദ്വിദിന പരിശീലനം സംഘടിപ്പിക്കുന്നു. ആയതിന്റെ ഭാഗമായി മൊഡ്യൂൾ തയ്യാറാക്കുന്നതിനുള്ള രണ്ട് ശില്പശാലകൾ സംഘടിപ്പിച്ചു. 2022 മാർച്ച് 30,31 തീയതികളിലും 2022 ജൂൺ 9,10 തീയതികളിലുമായി 20 ഓളം റിസോഴ്സ് പേഴ്സൺമാർ പങ്കെടുത്തു.

ജാഗ്രതാ സമിതി അംഗങ്ങൾക്കുള്ള പരിശീലനം

സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരായ അതിക്രമങ്ങൾ തടയുന്നതിനും അതിനെതിരായ നടപടികൾ സ്വീകരിക്കുന്നതിനുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിച്ച് വരുന്ന ജാഗ്രതാ സമിതികളിലെ അംഗങ്ങൾക്ക് മേൽ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ആശയപരവും പ്രായോഗികപരവുമായ വൈദഗ്ദ്ധ്യം ലഭ്യമാക്കുന്നതിനായി കില പരിശീലനം നൽകി. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സ്ഥാപനതല/വാർഡ്തല ജാഗ്രതാസമിതി അംഗങ്ങൾക്കാണ് പരിശീലനം നൽകിയത്. തൃശൂർ കില, കൊട്ടാരക്കര കില, എറണാകുളം ആശിർഭവൻ, പി.എം.ഒ.സി കോഴിക്കോട് എന്നിവിടങ്ങളിലായി 5,3,3,2 ബാച്ചുകൾ യഥാക്രമം നടന്നു. 13 ബാച്ചുകളിലായി 670 ഓളം പ്രതിനിധികളാണ് പങ്കെടുത്തത്

മോഡൽ ജെൻഡർ റിസോഴ്സ് സെന്ററുകൾക്കുള്ള പരിശീലനം

നാഷണൽ റൂറൽ ലൈവ്ലി ഹുഡ് മിഷൻ നിർദേശിച്ചത് പ്രകാരം സംസ്ഥാന കുടുംബശ്രീ മിഷൻ 140 തദ്ദേശ സ്ഥാപന തല ജെൻഡർ റിസോഴ്സ് സെന്ററുകൾ

മോഡൽ സെന്ററുകളായി പ്രവർത്തിപ്പിക്കുവാൻ തീരുമാനിച്ചിട്ടുള്ളതാണ്. മേൽ ജെൻഡർ റിസോഴ്സ് സെന്ററുകളിലെ റിസോഴ്സസ് പേഴ്സൺമാർക്ക് 4 ഘട്ടങ്ങളിലായി പരിശീലനം നൽകാൻ കിലയും കുടുംബശ്രീ മിഷനും ചേർന്ന് തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായുള്ള മൊഡ്യൂൾ തയ്യാറാക്കുന്നതിനായി 2022 ജൂലൈ 26,27 തീയതികളിലായി ശില്പശാല സംഘടിപ്പിച്ചു. ശില്പശാലയിൽ 15 ഓളം വിദഗ്ദ്ധർ പങ്കെടുത്തു.

ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് കീഴിലുള്ള വർക്കിംഗ് ഗ്രൂപ്പ് പരിശീലനം-ജില്ലാപഞ്ചായത്ത്

ജില്ലാ പഞ്ചായത്ത് ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് കീഴിലുള്ള വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾക്ക് പരിശീലനം നൽകുന്നതിനായി പരിശീലക പരിശീലനം കൊട്ടാരക്കര കില CHRD യിൽ വെച്ച് ഏപ്രിൽ 11 ന് നടത്തി. മാസ്റ്റർ ട്രെയിനർമാർ പങ്കെടുത്ത് മൊഡ്യൂൾ, പരിശീലന കാര്യപരിപാടികൾ എന്നിവ ചർച്ച ചെയ്തത് തീർപ്പാക്കി.

ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് കീഴിലുള്ള വർക്കിംഗ് ഗ്രൂപ്പ് പരിശീലനം-ബ്ലോക്ക് പഞ്ചായത്ത്

ജില്ലാ പഞ്ചായത്ത് ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് കീഴിലുള്ള വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾക്ക് പരിശീലനം നൽകുന്നതിനായി പരിശീലക പരിശീലനം കൊട്ടാരക്കര കില CHRD, തൃശ്ശൂർ കില എന്നിവടങ്ങളിൽ ഏപ്രിൽ 11, 21 എന്നീ തീയതികളായി നടത്തി. വിവിധ ജില്ലകളിൽ നിന്നായി മൊത്തം 60 പരിശീലകർ പങ്കെടുത്തു.

പതിനാലാം പഞ്ചവത്സര പദ്ധതി-ആരോഗ്യ-വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പ് പരിശീലനം-ജില്ലാ പഞ്ചായത്ത്

2022 ഏപ്രിൽ 28 ന് ജില്ലാ പഞ്ചായത്ത് ആരോഗ്യ-വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾക്കായുള്ള ഏകദിന പരിശീലനം നടത്തി. ആദ്യ ബാച്ച് പരിശീലനത്തിൽ സംബന്ധിക്കാൻ കഴിയാതിരുന്ന ജില്ലകൾക്ക് ജൂൺ 30 ന് രണ്ടാമത്തെ ബാച്ച് പരിശീലനം നടത്തി. വിവിധ ജില്ലകളിൽ നിന്നായി ആരോഗ്യം, വിദ്യാഭ്യാസം, കുടിവെള്ളം എന്നീ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ പങ്കെടുത്തു. രണ്ടു ബാച്ചുകളിലായ 65 പരിശീലനാർത്ഥികൾ പങ്കെടുത്തു.

14-ാം പഞ്ചവത്സര പദ്ധതി-ആരോഗ്യ-വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പ് പരിശീലനം-ബ്ലോക്ക് പഞ്ചായത്ത്

2022 ഏപ്രിൽ മെയ് മാസങ്ങളിലായി ബ്ലോക്ക് പഞ്ചായത്ത് ആരോഗ്യ-വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾക്കായുള്ള ഏകദിന പരിശീലനം വിവിധ ബാച്ചുകളിലായി നടത്തി. 17 ബാച്ചുകളിലായി ബ്ലോക്ക് പഞ്ചായത്തിലെ ആരോഗ്യം, വിദ്യാഭ്യാസം, കുടിവെള്ളം എന്നീ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ പങ്കെടുത്തു. മൊത്തം 534 പരിശീലനാർത്ഥികൾ പങ്കെടുത്തു.

വനാവകാശ നിയമം-പരിശീലനം

വനാവകാശ നിയമം എന്ന വിഷയത്തിൽ അട്ടപ്പാടിയിലെ പുതൂർ, അഗളി ഗ്രാമ പഞ്ചായത്തുകളിലെ FRC അംഗങ്ങൾ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ, മുൻ നിര സാമൂഹ്യ പ്രവർത്തകർ, ST പ്രൊമോട്ടർമാർ എന്നിവർക്കായി ഏപ്രിൽ 20-21, മെയ് 10-11 തീയതികളായി ദ്വിദിന പരിശീലനം കിലയുടെ അഗളി കേന്ദ്രത്തിൽ വെച്ച് നൽകി. 42 പരിശീലനാർത്ഥികൾ പങ്കെടുത്തു.

ശില്പശാല: ആദിവാസി യുവജനങ്ങൾക്കുള്ള സാമൂഹ്യ വനാവകാശ നിയമം : സർട്ടിഫിക്കറ്റ് കോഴ്സ്

കിലയും അസിം പ്രേംജി സർവകലാശാലയും സംയുക്തമായി ആദിവാസി യുവജനങ്ങൾക്കുള്ള സാമൂഹ്യ വനാവകാശ നിയമം എന്ന വിഷയത്തിൽ ഒരു സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നതിന്റെ ഭാഗമായി ശില്പശാലകൾ നടത്തുകയുണ്ടായി. വിവിധ ശില്പശാലകളിലായി കോഴ്സിന്റെ ഘടന, സിലബസ് എന്നിവ രൂപീകരിച്ചു. ഇവയെ അടിസ്ഥാനപ്പെടുത്തി വിവിധ എഴുത്തുശാലകളിലായി പഠിതാക്കൾക്കുള്ള പഠനസഹായി വിഷയ വിദഗ്ദ്ധർ തയ്യാറാക്കി കൊണ്ടിരിക്കുന്നു. വിഷയ വിദഗ്ദ്ധരായി കില. APU ഫാക്കൽറ്റികൾ, KIRTADS, KFRI, വനം വകുപ്പ്, ട്രൈബൽ വകുപ്പ് ഉദ്യോഗസ്ഥർ പ്രവർത്തിക്കുന്നു.

പരിശീലനം- പ്രധാൻ മന്ത്രി കൃഷി സിഞ്ചായി യോജന (PMKSY)

ഏപ്രിൽ 21-22 തീയതകളിൽ നടത്തിയ പ്രസ്തുത ദ്വിദിന പരിശീലനത്തിൽ ഗ്രാമ വികസന വകുപ്പിലെ പ്രൊജക്റ്റ് ഡയറക്ടർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, അസിസ്റ്റന്റ് എഞ്ചിനീയർ, ടെക്നിക്കൽ എക്സ്പർട്സ് എന്നീ ഉദ്യോഗസ്ഥർ പങ്കെടുത്തു.

ഈറ്റ-മുള തൊഴിലാളികൾക്ക് പരിശീലനം

ഈറ്റ-മുള തൊഴിലാളികൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളുടെ പങ്ക്, വിപണന തന്ത്രങ്ങൾ, ഈറ്റ-മുള മേഖലയുമായി ബന്ധപ്പെട്ട വിവിധ പദ്ധതികൾ എന്നിവ പരിചയപെടുത്തുന്നതിനായി ദ്വിദിന പരിശീലനം നടത്തുകയും 15 ഈറ്റ തൊഴിലാളികൾ പങ്കെടുക്കുകയും ചെയ്തു.

റിസ്ക് ബേസ്ഡ് ഇന്റേണൽ ഓഡിറ്റ് റൈറ്റ്ഷോപ്പ്

ഗ്രാമ വികസന പദ്ധതികൾ ഇന്റേണൽ ഓഡിറ്റ് നടത്തുന്നതിന്റെ ഭാഗമായി സംസ്ഥാന ഓഡിറ്റ് വിങ് തിരഞ്ഞെടുക്കുന്ന ഇന്റേണൽ ഓഡിറ്റർമാർക്ക് പരിശീലനം നൽകുന്നതിനായി NIRDPR പരിശീലന കൈപുസ്തകങ്ങൾ രണ്ട് വാല്യം തയ്യാറാക്കിയിട്ടുണ്ട്. അത് കേരള സംസ്ഥാനത്തെ ഇന്റേണൽ ഓഡിറ്റർമാർക്ക് പരിശീലനം നൽകുമ്പോൾ പരിശീലന കൈപുസ്തകം ലഭ്യമാക്കുവാൻ NIRDPR തയ്യാറാക്കിയ പരിശീലന കൈപുസ്തകങ്ങൾ

മലയാളത്തിലേക്ക് വിവർത്തനം ചെയ്യുന്നതിനായുള്ള എഴുത്തുശാല ജൂലൈ 19 മുതൽ 23 വരെ നടത്തി. ഗ്രാമ വികസന വകുപ്പിലെ ഉദ്യോഗസ്ഥർ, സെക്രട്ടറിയേറ്റ്, ട്രഷറി വകുപ്പ് മുതലായ വിവിധ വകുപ്പുകളിലെ റിട്ടയേർഡ് ആയ ഗസറ്റഡ് ഉദ്യോഗസ്ഥരാണ് പ്രസ്തുത എഴുത്തുശാലയിൽ പങ്കെടുത്തത്.

പ്രൊജക്റ്റ് - കപ്പാസിറ്റി ബിൽഡിംഗ് ഫോർ DALF

2021 നവംബർ 20-ന് പദ്ധതി അംഗീകരിക്കുകയും കരാർ ഒപ്പിടുകയും ചെയ്തു. ആയതിൻ പ്രകാരം ആസ്സാം സംസ്ഥാനത്തെ ലോക്കൽ ഫണ്ട് ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥരെ ലോക്കൽ ഫണ്ട് ഓഡിറ്റ് നടത്തുന്നതിന് ആവശ്യമായ കാര്യശേഷി വികസനത്തിന് വേണ്ടുന്ന പരിശീലനം നൽകേണ്ടതുണ്ട്. ആദ്യ പരിപാടിയായ പരിശീലനാവശ്യകത വിശകലനം നടത്തുവാൻ വേണ്ട പഠനം ആരംഭിച്ചു.

പരിശീലനാവശ്യകത മനസിലാക്കുന്നതിനായി ഓഡിറ്റ് ഡിപ്പാർട്ട്മെന്റിലെ വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥരുമായി ചർച്ച, മുഖാമുഖ സംഭാഷണം നടത്തി. അതിനുശേഷം അസിസ്റ്റന്റ് ഡയറക്ടർ, ഓഡിറ്റ് ഓഫീസർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ, ഇന്റേണൽ ഓഡിറ്റ് ഓഫീസർ എന്നിവർക്ക് ചോദ്യാവലി നൽകി സർവ്വേ നടത്തുകയും, മേൽ പ്രസ്താവിച്ച ഉദ്യോഗസ്ഥരുടെയും അസ്സിസ്റ്റന്റ്മാരുടെയും ഫോക്കസ് ഗ്രൂപ്പ് ഡിസ്കഷൻ നടത്തുകയും ചെയ്തു. അതോടൊപ്പം ഓഡിറ്റ് സ്ഥാപനങ്ങളുമായി മുഖാമുഖ സംഭാഷണത്തിലൂടേയും പരിശീലനത്തിന്റെ ആവശ്യകത വിലയിരുത്തി. അതിനെ ആസ്പദമാക്കി റിപ്പോർട്ട് ASPIRe പ്രൊജക്റ്റ് ഡയറക്ടർക്ക് സമർപ്പിച്ചു. ഓഡിറ്റ് മാനുവൽ തയ്യാറാക്കുന്ന അംഗങ്ങളുമായി തിരുവനന്തപുരത്തെ ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ഹാളിൽ വച്ച് 2022 മെയ് 16-21 വരെ ഓഡിറ്റിങ്ങിന്റെ അടിസ്ഥാനകാര്യങ്ങളെ സംബന്ധിച്ച മൊഡ്യൂൾ തയ്യാറാക്കൽ ശിൽപശാല നടത്തുകയും അതിനുശേഷം പരിശീലക പരിശീലനം ജൂലൈ 25-27 തീയ്യതികളിൽ, ASPIRe പ്രൊജക്റ്റ് ഓഫീസ്, ഗുവാഹത്തിയിൽ നടത്തുകയും മേൽവിഷയത്തിൽ പരിശീലനം നടത്തേണ്ടതിനായി ട്രെയിനിങ് കലണ്ടർ സമർപ്പിക്കുകയും ചെയ്തു.

പരിശീലനാർത്ഥികളുമായി ചേർന്ന് ഓഡിറ്റിംഗ് ആൻഡ് ഓഡിറ്റിംഗ് റിപ്പോർട്ട് സ്കിൽസ് എന്നീ വിഷയങ്ങളെക്കുറിച്ച് അസിസ്റ്റന്റ് ഡയറക്ടർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ, ഇന്റേണൽ ഓഡിറ്റ് ഓഫീസർ, അസ്സിസ്റ്റന്റ്മാർ മുതലായവർക്കുള്ള പരിശീലന മൊഡ്യൂൾ ഡെവലപ്പ്മെന്റ് ശില്പശാല നടത്തി. പ്രസ്തുത പരിശീലന മൊഡ്യൂൾ തയ്യാറാക്കി ASPIRE പ്രൊജക്റ്റ് ഡയറക്ടർക്ക് സമർപ്പിക്കുന്നതാണ്.

തിരുവനന്തപുരത്തെ 'സമാധാന നഗരം' ആക്കുന്നതുമായി സംബന്ധിച്ചുള്ള ഏകദിന യോഗം

പീസ് ബിൽഡിംഗിലൂടെയും സമാധാന നിർമ്മാണത്തിലൂടെയും ആസൂത്രണത്തിലെ ഉത്സാഹത്തിലൂടെയും ഒരു നഗരത്തെ ന്യായവും നീതിയുക്തവുമായ സമൂഹങ്ങളായി മാറ്റാനും അഭിവൃദ്ധി പ്പെടുത്താനും കഴിയും. തിരുവനന്തപുരത്തെ 'സമാധാനത്തിന്റെ നഗരം' എന്നതുമായി ബന്ധപ്പെട്ട ഏകദിന യോഗത്തിൽ എൽ.എസ്.ജി.ഡി. അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീമതി ശാരദാ മുരളീധരൻ ഐ.എ.എസ്., കില ഡയറക്ടർ ജനറൽ ഡോ. ജോയ് ഇളമൺ, യൂറോപ്യൻ അർബൻ ഡയറക്ടർ മാർട്ടിൻ ഗ്രിസൽ എന്നിവർ പങ്കെടുത്തു. നോളജ് നെറ്റ്വർക്ക്, ദി ഹേഗ്, ഡോ. എം. സതീഷ് കുമാർ, പ്രൊഫസർ & ഫെലോയും, സെനറ്റർ ജോർജ്ജ് ജെ മിച്ചൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഗ്ലോബൽ പീസ്, സെക്യൂരിറ്റി ആൻഡ് ജസ്റ്റിസ്, കീൻസ് യൂണിവേഴ്സിറ്റി ബെൽഫാസ്റ്റ്, ഡോ. കൽപന വിശ്വനാഥ്, സഹസ്ഥാപക & സി.ഇ.ഒ., സേഫ്റ്റിപിൻ, ശ്രീ. അനന്തകൃഷ്ണൻ, സെക്രട്ടറി ജനറൽ, അർബൻ ഇക്കണോമി ഫോറം, ഒസലോ, പ്രൊഫ. ഡോ. അശോക് കുമാർ, പ്രൊഫസർ ആൻഡ് ഡീൻ (അക്കാദമിക് ആൻഡ് സ്റ്റുഡന്റ്സ് അഫയേഴ്സ്), എസ്.പി.എ. ഡൽഹി, തിരുവനന്തപുരത്ത് നിന്നുള്ള കൗൺസിലർമാർ ഉദ്യോഗസ്ഥർ എന്നിങ്ങനെ 82 പേർ 2022 ജൂലൈ 19-ാം തീയതി, തിരുവനന്തപുരത്തെ അപ്പോളോ ഡിമോറ ഹോട്ടലിൽ ഒത്തുചേർന്നു.

വിവിധ വിഭാഗം ആളുകൾ അനുഭവിക്കുന്ന ഒഴിവാക്കലുകൾ പരിഹരിക്കുന്നതിനും കാലാവസ്ഥാ അടിയന്തര സാഹചര്യങ്ങൾക്കായി നഗരത്തെ സജ്ജമാക്കുന്നതിനുമുള്ള സ്ഥലാധിഷ്ഠിത തന്ത്രങ്ങൾ സ്ഥാപനവൽക്കരിക്കുകയെന്നതാണ് ഇത് ലക്ഷ്യമിടുന്നത്. ഒരു സമയത്ത്, നഗരം വിവിധ വെല്ലുവിളികൾക്കും വികസന ത്വരിതങ്ങൾക്കും സാക്ഷ്യം വഹിക്കുന്നു, തുല്യവും നീതിയുക്തവുമായ സമൂഹങ്ങളെ രൂപപ്പെടുത്തുന്നതിനുള്ള ആസൂത്രണത്തിന്റെ ശക്തി പ്രയോജനപ്പെടുത്തേണ്ടത് പ്രധാനമാണ്. നീതി ആയോഗ്, ഇന്ത്യാ ഗവൺമെന്റ് പുറത്തിറക്കിയ 2021 ലെ നഗര SDG സൂചികയിൽ, തിരുവനന്തപുരം 4-ാം സ്ഥാനത്താണ്. നഗരം അതിന്റെ പ്രകടനം മെച്ചപ്പെടുത്താനും സമാധാനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന SDG.16 മായുള്ള ഇടപെഴകൽ വർദ്ധിപ്പിക്കാനും പ്രതിജ്ഞാബദ്ധമാണ്. SDG.16 സുസ്ഥിര വികസനത്തിനായി സമാധാനപരവും ഉൾക്കൊള്ളുന്നതുമായ സമൂഹങ്ങളെ പ്രോത്സാഹിപ്പിക്കുകയും എല്ലാവർക്കും നീതി ലഭ്യമാക്കുകയും എല്ലാ തലങ്ങളിലും ഫലപ്രദവും ഉത്തരവാദിത്തമുള്ളതും ഉൾക്കൊള്ളുന്നതുമായ സ്ഥാപനങ്ങൾ നിർമ്മിക്കുകയും ചെയ്യുന്നു. ഇതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം കോർപ്പറേഷൻ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനുമായും (കില) ന്യൂ ഡൽഹിയിലെ സ്കൂൾ ഓഫ് പ്ലാനിംഗ് ആന്റ് ആർക്കിടെക്ചറുമായും സഹകരിച്ച് നീതിയും സമാധാനവും കൈവരിക്കുന്നതിനുള്ള പ്രധാന തടസ്സങ്ങളെക്കുറിച്ചും അവയുടെ ഘടനാപരവും സ്ഥലപരവുമായ പാറ്റേണുകളെക്കുറിച്ചും അവതരണം

നൽകുകയും ചെയ്തു. സി.പി.എ. ഡൽഹി വിദ്യാർത്ഥികൾ ഇതുമായി ബന്ധപ്പെട്ട് നടത്തിയ അവരുടെ അക്കാദമിക് ഫീൽഡ് വർക്ക് അവതരിപ്പിച്ചു. തുടർന്ന് പാനൽ ചർച്ചയും നടത്തി.

കേരള ഗവൺമെന്റിന്റെ ആസ്ഥാനമെന്ന നിലയിൽ നഗരത്തിന്റെ സ്ഥാനം സമാധാനത്തിന്റെ ആഗോള മാതൃകയാക്കുന്നതിന് സാമൂഹിക-സാമ്പത്തിക മാനദണ്ഡങ്ങൾ സ്ഥാപനവൽക്കരിക്കാനുള്ള മികച്ച അവസരം പ്രദാനം ചെയ്യുന്നു. ഇതേ തുടർന്നുള്ള പാനൽ ചർച്ചയിൽ ആഗോള തലത്തിൽ സമാധാനവുമായി ബന്ധപ്പെട്ട് പ്രവർത്തന മികവുള്ള പ്രധിനിധികൾ തിരുവനന്തപുരം നഗരസഭാ പ്രതിനിധികളോടും ചർച്ച നടത്തി.

കില-എൻ.ഐ.യു.എ. നാഷണൽ അർബൻ ലേണിംഗ് പ്ലാറ്റ്ഫോം ശില്പശാല

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനും (കില) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അർബൻ അഫയേഴ്സും (എൻ.ഐ.യു.എ.) 2022 ജൂൺ 30-ന് നാഷണൽ അർബൻ ലേണിംഗ് പ്ലാറ്റ്ഫോമിനെക്കുറിച്ച് (എൻ.യു.എൽ.പി.) ഒരു ശില്പശാല സംഘടിപ്പിച്ചു. ഈ ഏകദിന ശില്പശാലയിൽ കേരളത്തിലെ നഗരസഭകളിൽ നിന്നുള്ള 70 പേർ പങ്കെടുത്തു. ചെയർപേഴ്സണ്മാർ, സെക്രട്ടറിമാർ, സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾ എന്നിവരാണ് പങ്കെടുത്തത്. രാവിലത്തെ സെഷനിൽ ULB- കൾക്ക് NULP-യെക്കുറിച്ച് ഒരു ആമുഖം നൽകുന്നതിലാണ് ശില്പശാല ശ്രദ്ധ കേന്ദ്രീകരിച്ചത്.

ഹൗസിംഗ് ആൻഡ് അർബൻ അഫയേഴ്സ് മന്ത്രാലയം (MoHUA) NIUA യുമായി സഹകരിച്ച് NULP- അർബൻ പ്രാക്ടീഷണർമാരുടെ ഒരു പ്ലാറ്റ്ഫോം ആരംഭിച്ചു. അത് ഡിജിറ്റൽ മീഡിയത്തിലൂടെ ശേഷി വർദ്ധിപ്പിക്കുകയും നിലവിലുള്ളതും ഉയർന്നുവരുന്നതുമായ നഗര ആവശ്യകതകളെക്കുറിച്ചുള്ള അനുഭവങ്ങൾ പങ്കിടുകയും സഹകരണ പഠനത്തിന്റെ സുസ്ഥിര സംസ്കാരം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. NULP പ്ലാറ്റ്ഫോം ഉപയോക്താവിന്റെ സൗകര്യത്തെ അടിസ്ഥാനമാക്കി, പഠനം നൽകുന്നതിന് ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോം നൽകുന്നതിനുള്ള ഒരു സ്ട്രീം ലൈൻ സമീപനമാണ് പിന്തുടരുന്നത്. അത്തരം ഉപയോക്താക്കൾ പഠിതാക്കൾ മാത്രമല്ല, ഗ്രൗണ്ട് അനുഭവം, വിജയഗാഥകൾ, സ്ഥിതിവിവരക്കണക്കുകൾ എന്നിവ പങ്കിടുന്ന ഉള്ളടക്കത്തിന്റെ സ്രഷ്ടാക്കൾ കൂടിയായ പിയർ ലേണിംഗിന്റെ തത്വങ്ങളിലാണ് ഇത് നിർമ്മിച്ചിരിക്കുന്നത്. ഈ പ്ലാറ്റ്ഫോം കമ്മ്യൂണിറ്റിയുടെ പഠനാവശ്യങ്ങൾ പരിഹരിക്കുന്നതിന് പങ്കാളിത്തം സൃഷ്ടിക്കുന്നതിനുള്ള ഒരു വിപണിയും വാഗ്ദാനം ചെയ്യുന്നു. NULP പ്രോഗ്രാം മാനേജർ ശ്രീനന്ദിനി ബാനർജി സ്വാഗതം പറഞ്ഞു. കില അർബൻ ചെയർ പ്രൊഫസർ ഡോ. അജിത് കാളിയത്ത് ഉദ്ഘാടന പ്രസംഗം നടത്തി, കില ഡയറക്ടർ ജനറൽ ഡോ. ജോയ് ഇളമൺ ശില്പശാലയിൽ പ്രത്യേക പ്രഭാഷണം നടത്തി, സി.ഡി.ജി.യുടെ നാഷണൽ പ്രോഗ്രാം ഹെഡ് കാകുൽ മിശ്ര, പ്രോഗ്രാമിന്റെ വികസനത്തിന്റെ പശ്ചാത്തലം വിശദീകരിച്ചു. പ്ലാറ്റ്ഫോം പ്രവർത്തനവും ഹൈലൈറ്റുകളും അവതരിപ്പിച്ചത് ശ്രീനന്ദിനി ബാനർജിയും അസോസിയേറ്റ് (ഡാറ്റ അനാലിസിസ്) ശ്രീ ശശാങ്ക് മിശ്രയുമാണ്.

ഉച്ചകഴിഞ്ഞുള്ള സെഷനിൽ, SDG-കളുടെ പ്രാദേശികവൽക്കരണത്തിലൂടെയും, അതിദാരിദ്ര്യ വിലയിരുത്തലിലൂടെയും, സർവേകളുടെയും ഫലങ്ങളുടെയും അടിസ്ഥാനത്തിൽ, കില ഡയറക്ടർ ജനറൽ ഡോ. ജോയ് ഇളമണും അർബൻ ചെയർ പ്രൊഫസർ ഡോ. അജിത് കാളിയത്തും കേരളത്തിൽ പിന്തുടരുന്ന മികച്ച രീതികൾ പങ്കുവെച്ചു. തുടർന്ന് ഒരു ഇന്ററാക്ടീവ് ഗ്രൂപ്പ് ഡിസ്കഷൻ സെഷനും ഉണ്ടായിരുന്നു. ഉദ്യോഗസ്ഥരുടെ പഠന-പരിശീലന ആവശ്യങ്ങൾ ശേഖരിക്കുന്നതിനാണ് ഇത് രൂപകൽപ്പന ചെയ്തിരുന്നത്.



യാത്രയയപ്പ്



ഡോ. ജെ.ബി. രാജൻ

ഡോ. ജെ.ബി. രാജൻ, അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ നിന്നും ഏതാണ്ട് രണ്ട് പതിറ്റാണ്ടിന്റെ വിശിഷ്ട സേവനത്തിനുശേഷം 2023 ജനുവരി 31ന് കിലയിൽ നിന്നും വിരമിച്ചു. 2006 ജൂൺ 2ന് കിലയിലെ പ്ലാനിംഗ്, മാനേജ്മെന്റ് & ഡവലപ്പ്മെന്റ് ഫാക്കൽറ്റിയായി ചേർന്ന ഡോ. രാജൻ തന്റെ സേവനകാലം മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലന പരിപാടികളിൽ നിർണ്ണായക പങ്ക് വഹിച്ചു. ആക്ഷൻ റിസർച്ച് ഉൾപ്പടെ വൈവിധ്യമാർന്ന ഗവേഷണ പ്രവർത്തനങ്ങളിൽ സജീവമായും സമർപ്പണമനോഭാവത്തോടെയും ഡോ രാജൻ പ്രവർത്തിച്ചു. സമയനിഷ്ഠയെന്നത് അദ്ദേഹത്തിന്റെ പ്രതിബദ്ധതയുടെ മുഖമുദ്രയാണ്. ഒരുപിടി വിലമതിക്കുന്ന പുസ്തകങ്ങൾ രചിച്ചുകൊണ്ട് കിലയുടെ പ്രസിദ്ധീകരണ വിഭാഗത്തെ അദ്ദേഹം സമ്പന്നമാക്കി.



കെ.കെ. ബാബു

ശ്രീ കെ.കെ. ബാബു കിലയുടെ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലിരിക്കെ 2023 ഫെബ്രുവരി 28ന് തന്റെ ഔദ്യോഗിക കാലാവധി പൂർത്തിയാക്കി വിരമിച്ചു. 1990 ൽ കില ആരംഭിക്കുമ്പോൾ മുതൽ സേവനമുള്ള അദ്ദേഹം സ്ഥാപനപരമായ ഓർമ്മയുടെ വിശ്വസനീയമായ ശേഖരമായിരുന്നു. ഈ മഹത്തായ സ്ഥാപനത്തിന്റെ വളർച്ചാപഥത്തിന് സാക്ഷ്യം വഹിച്ച ശ്രീ ബാബുവിന്റെ സേവനം സമാനതകളില്ലാത്തതായിരുന്നു. കാമ്പസ് വികസനത്തിലും നൂതനമായ അടിസ്ഥാന സൗകര്യപദ്ധതികൾ പൂർത്തീകരിക്കുന്നതിലും അദ്ദേഹം ഉത്സാഹഭരിതനായി പ്രവർത്തിച്ചു. ഡയറക്ടർ ജനറലിന്റെ മാർഗ്ഗനിർദ്ദേശപ്രകാരം ഫിറ്റ്നെസ്സ് സെന്റർ, വൈവിധ്യമാർന്ന മുളന്തോട്ടം, പച്ചത്തുരുത്ത്, കള്ളിമുൾ ചെടികളുടെ പ്രത്യേക തോട്ടം എന്നിവ ശ്രീ ബാബു ഏറ്റെടുത്ത് നടത്തിയ നിരവധി പദ്ധതികളിൽ ചിലതാണ്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും രാഷ്ട്രങ്ങളിൽ നിന്നുമുള്ള പഠന സന്ദർശനങ്ങൾ ഏകോപിപ്പിക്കുന്നതിനും വൈവിധ്യമാർന്ന കാഴ്ചപ്പാടുകളാലും അനുഭവങ്ങളാലും സ്ഥാപനത്തെ സമ്പന്നമാക്കുന്നതിലും ശ്രീ ബാബുവിന്റെ പങ്ക് ശ്രദ്ധേയമാണ്. ശ്രീ ബാബുവിന്റെ റിട്ടർമെന്റ് ജീവിതം ആരോഗ്യവും സന്തോഷവും നിറഞ്ഞതാകട്ടെയെന്ന് ആശംസിക്കുന്നു.



ശ്രീമതി ടി.കെ. വിജയം

2022 മാർച്ച് 12ന് കിലയുടെ ഔദ്യോഗിക സേവനത്തിൽ നിന്നും വിരമിച്ച ശ്രീമതി ടി.കെ. വിജയത്തിന് സമുചിതമായ യാത്രയയപ്പാണ് കില നൽകിയത്. കിലയുടെ ആരംഭകാലം മുതൽ ക്ലീനിംഗ് ടീമിലെ അംഗമായിട്ടാണ് ശ്രീമതി വിജയം സേവനം ആരംഭിച്ചത്. തന്റെ സേവനക്കാലത്തുടനീളം സഹപ്രവർത്തകർക്കൊപ്പം കിലയുടെ ഓഫീസ് കെട്ടിടങ്ങളുടെയും അതിഥിമുറികളുടെയും ശുചിത്വം നിലനിർത്തുന്നതിനായി അവർ അശാന്തമായി പ്രവർത്തിച്ചു. ശ്രീമതി വിജയത്തിന്റെ വിജയം ഊഷ്മളമായ പുഞ്ചിരിയിലും അചഞ്ചലമായ പ്രതിബദ്ധതയിലും അതിഷ്ഠിതമായിരുന്നു. വെല്ലുവിളി നിറഞ്ഞ അവസരങ്ങളെപോലും മാന്യമായി അഭിമുഖീകരിക്കുകയും യാതൊരു പരാതിയും ഉന്നയിക്കാത്തതുമായ വ്യക്തിത്വത്തിനുടമയാണ് ശ്രീമതി വിജയം. തന്റെ ജീവിതത്തിലെ പുതിയൊരു അദ്ധ്യായത്തിന് തുടക്കമാകുന്ന വേളയിൽ ഡയറക്ടർ ജനറലും മുഴുവൻ ജീവനക്കാരും ഒത്തുചേർന്ന് ശ്രീമതി വിജയത്തിന് വിശ്രമജീവിതം സന്തോഷവും ആരോഗ്യവും നിറഞ്ഞതാകട്ടെയെന്ന് ആശംസിച്ചു.

തൊഴിൽ സഭ

തൊഴിൽ സഭ എന്നത് നാല് വർഷത്തിനുള്ളിൽ 20 ലക്ഷം തൊഴിലവസരങ്ങൾ നൽകുമെന്ന വാഗ്ദാനം പാലിക്കുന്നതിനുതകുന്ന ഒരു സംസ്ഥാന സർക്കാർ സംരംഭമാണ്. തൊഴിൽ സഭയുടെ പ്രാഥമിക ലക്ഷ്യം തൊഴിലന്വേഷകരുടെയും തൊഴിൽ ദാതാക്കളുടെയും ഇടയിലുള്ള വിടവ് നികത്തുന്നതിനായി ഒരു പ്ലാറ്റ്ഫോമായി പ്രവർത്തിക്കുകയെന്നതാണ്. തൊഴിൽ സഭയെ ചുറ്റിപ്പറ്റിയുള്ള ചർച്ചകൾ പ്രധാനമായും മൂന്ന് പ്രധാന മേഖലകളിൽ ഊന്നിയിരിക്കുന്നു; ജോലിയെക്കുറിച്ചുള്ള അറിവ്, സംരംഭകത്വം, പ്രാദേശികമായുള്ള തൊഴിൽ.

പരിപാടിയുടെ വിജയകരമായ നടത്തിപ്പിനായി മാർഗ്ഗനിർദേശങ്ങൾ രൂപീകരിക്കുന്നതിലും പരിശീലനം നൽകുന്നതിലും കില നിർണായക പങ്ക് വഹിച്ചു. ഫലപ്രദമായ തന്ത്രങ്ങളും മാർഗ്ഗനിർദേശങ്ങളും രൂപീകരിക്കുന്നതിനായി നിരവധി ശില്പശാലകളും ചർച്ചകളും നടത്തി. മുഖ്യമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷന്മാരുടെ മൂന്ന് യോഗങ്ങൾ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്നു.

എല്ലാ വകുപ്പുകളെയും ഏജൻസികളെയും ഈ പരിശീലനങ്ങളുമായി ബന്ധപ്പെടുത്തിയിരുന്നു. പരിശീലന പരിപാടികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

തൊഴിൽ സഭ പരിശീലനത്തിന്റെ വിവരങ്ങൾ

No.	Name of the Programme	No. of Participants	Period of Training
1	State level gathering of elected heads and related officials (Trivandrum, Cochi & Calicut)	4400	AUG- SEP
2	Thozhil Sabha- TOT	535	OCT
3	District Level- President/Secretary (GP/ BP/ Muncipality/ Corporation)	1791	OCT-NOV
4	Block Level-Members	9846	NOV-DEC
5	Block Level-FacilitationTeam	10344	NOV-DEC

ഒരു തദ്ദേശസ്ഥാപനം ഒരു ആശയം (one Local Government One Idea (OLOI)

കേരള ഡെവലപ്മെന്റ് ഇന്നൊവേഷൻ സ്ട്രാറ്റജി കൗൺസിൽ (കെഡിസ്ക്) പ്രോത്സാഹിപ്പിക്കുന്ന പ്രോഗ്രാമാണ് ഒരു തദ്ദേശ സ്ഥാപനം ഒരു ആശയം (OLOI). തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിർണായക പ്രശ്നങ്ങൾ തിരിച്ചറിയുന്നതിനും അവയ്ക്ക് പരിഹാരം കണ്ടെത്തുകയെന്നതുമാണ് ഈ പരിപാടികൊണ്ട് ഉദ്ദേശിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നൂതന ആശയങ്ങൾ പ്രോത്സാഹിപ്പിക്കാനും ഇത് ലക്ഷ്യമിടുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിഹരിക്കപ്പെടാത്ത പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് LSGI-കൾ, അക്കാദമിക് സ്ഥാപനങ്ങൾ, വിദഗ്ധർ എന്നിവരുടെ സംയോജിത ശ്രമങ്ങൾ കൊണ്ടുവരുന്നതിനുള്ള ഒരു പരിപാടിയായാണ് ഇത് വിഭാവനം ചെയ്യുന്നത്. ഈ പരിപാടിയുടെ ഭാഗമായി കില എല്ലാ ജില്ലകളിലും പ്രോഗ്രാം കോ-ഓർഡിനേറ്റർമാരെ നിയമിച്ചിട്ടുണ്ട്. LSG-കളുടെ പ്രശ്നങ്ങൾ തിരിച്ചറിയുന്നതിനും അവരെ കൈപിടിച്ചുയർത്തുന്നതിനും വിപുലമായ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. തിരിച്ചറിഞ്ഞ പ്രശ്നങ്ങൾ പോർട്ടലിൽ അപ്ലോഡ് ചെയ്യാൻ നിർദ്ദേശിച്ചു. സംസ്ഥാന പരിശീലക പരിശീലനം,

തിരഞ്ഞെടുക്കപ്പെട്ട അദ്ധ്യക്ഷന്മാർ, ഉദ്യോഗസ്ഥർ, ജനപ്രതിധികൾ, അക്കാദമിക് വിദഗ്ധർ എന്നിവർക്കുള്ള പരിശീലനങ്ങൾ എന്നിവയാണ് പരിപാടിയുടെ അവസാനവർഷം നടത്തിയത്. നീണ്ട പരിശീലന പരമ്പരയ്ക്കുശേഷം സംസ്ഥാനത്തുടനീളം എൽ.എസ്.ജി തല ശില്പശാലകൾ പുരോഗമിക്കുകയാണ്. 200 ഓളം പ്രാദേശിക സർക്കാരുകൾ അവരുടെ പ്രശ്നങ്ങൾ പരിഹാരങ്ങൾ കണ്ടെത്തുന്നതിനായി OLOI പോർട്ടലിൽ അപ്ലോഡ് ചെയ്തിട്ടുണ്ട്

OLOI പരിശീലന പരിപാടിയുടെ വിവരങ്ങൾ

No.	Name of the Programmes	No of Participants	Period of Training
1	State Level TOT	180	OCT
2	Training For LSGI heads	1757	OCT, NOV & DEC
3	District Training for Department	721	OCT, NOV & DEC
4	District level Training for RP, Academic Expert's	1449	OCT, NOV & DEC
5	Training forblock level ER	8728	OCT, NOV & DEC
6	Training for block level official's	1862	OCT, NOV & DEC
7	Training for GP official's	8031	OCT, NOV & DEC

നവകേരളവും നവനഗരസഭകളും-പഠനം

നഗര ഭരണത്തിൽ വിവരങ്ങളുടെ ദൗർലഭ്യം ഒരു പ്രധാന പ്രശ്നമായി ചൂണ്ടിക്കാണിക്കപ്പെടുന്നു. ഇത്തരം സാഹചര്യത്തിൽ, കേരള മുനിസിപ്പൽ ആൻഡ് കോർപ്പറേഷൻ സ്റ്റാഫ് യൂണിയൻ, മുൻസിപ്പൽ ചെയർമാൻമാരുടെ ചേംബർ, മേയർമാരുടെ ചേംബർ, കില എന്നിവ സംയുക്തമായി കേരളത്തിലെ എല്ലാ മുനിസിപ്പാലിറ്റികളെയും ഉൾപ്പെടുത്തി ഒരു വിപുലമായ പഠനം നടത്താൻ തീരുമാനിച്ചു. ഇതിനായി കിലയിലെ സെന്റർ ഫോർ അർബൻ ഗവേണൻസ് ചോദ്യാവലിയും പരിശീലന സാമഗ്രികളും തയ്യാറാക്കി.

2022 മെയ് മാസത്തിൽ തിരുവനന്തപുരത്ത് വെബ് ഒരു മാസ്റ്റർ പരിശീലന പരിപാടി സംഘടിപ്പിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ പരിപാടി ഉദ്ഘാടനം ചെയ്തു. ജീവനക്കാരെ പരിശീലിപ്പിക്കുന്നതിനായി എല്ലാ ജില്ലകളിലും ശില്പശാലകൾ സംഘടിപ്പിച്ചു. ഡാറ്റാ ശേഖരണ പ്രക്രിയ വിലയിരുത്തുന്നതിനായി കിലയിൽ ഒരു മധ്യകാല ക്യാമ്പ് നടത്തി. ഡാറ്റാ ശേഖരണം സുഗമമാക്കുന്നതിനായി, ഓൾ കേരള പ്രൊഫഷണൽ സോഷ്യൽ വർക്കേഴ്സ് അസോസിയേഷന്റെ സഹകരണത്തോടെ ഓരോ മുനിസിപ്പാലിറ്റിക്കുവേണ്ടി ഓരോ ഇന്റേണിനെ തിരഞ്ഞെടുക്കുകയും 2023 ഫെബ്രുവരിയിൽ അവർക്കായി ഒരു പരിശീലന ക്യാമ്പ് സംഘടിപ്പിക്കുകയും ചെയ്തു. നിലവിൽ, ഇന്റേണുകളുടെ പിന്തുണയോടെയുള്ള ഡാറ്റാ ശേഖരണം അവസാന ഘട്ടത്തിലാണ്. ഈ പഠനം കേരളത്തിലെ നഗര ഭരണത്തെക്കുറിച്ച് മതിയായ വിവരങ്ങൾ നൽകുമെന്ന് പ്രതീക്ഷിക്കുന്നു.

നഗര പദവി പഠനം - വിശദാംശങ്ങൾ

No.	Name of the Programmes	No. of Participants	No. of Batches	Period of Training
1	State Level TOT	163	1	MAY
2	Review Workshop	166	1	DECEMBER
3	Interns Workshop	160	3	FEBRUARY

നഗരസഭകളിലെ അക്കൗണ്ട് വിഭാഗത്തിലെ ഉദ്യോഗസ്ഥരുടെ പരിശീലനം

കിലയ്ക്ക് നഗരസഭകളിലെ അക്കൗണ്ടന്റുമാരിൽ നിന്ന് പരിശീലനാവസരങ്ങൾക്കായി നിരവധി അഭ്യർത്ഥനകൾ ലഭിച്ചതിന്റെ ഫലമായി, മുനിസിപ്പാലിറ്റികളിലെ അക്കൗണ്ടന്റുമാരുടെ ശേഷി വർദ്ധിപ്പിക്കുന്നതിനായി IKMന്റെ സഹകരണത്തോടെ ഒരു പ്രത്യേക കോഴ്സ് രൂപകൽപ്പന ചെയ്തു. അക്കൗണ്ടന്റുമാർക്കായി നിയുക്ത തസ്തികകൾ ഇല്ലാതിരുന്നതിനാൽ, അക്കൗണ്ടിംഗ് ജോലിയുടെ ഉത്തരവാദിത്തം ഏറ്റെടുത്തിരിക്കുന്ന ഉദ്യോഗസ്ഥരെ കൂടി പരിശീലനത്തിൽ പങ്കെടുക്കാൻ ക്ഷണിച്ചു.

ബജറ്റ് തയ്യാറാക്കൽ, വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ്, അക്കൗണ്ടിംഗ് സോഫ്റ്റ്വെയർ, അക്കൗണ്ടന്റുമാരുടെ അടിസ്ഥാന പ്രവർത്തനങ്ങൾ എന്നിങ്ങനെയുള്ള അത്യാവശ്യ വിഷയങ്ങൾ ഉൾപ്പെടുത്തി അഞ്ച് ദിവസത്തെ പരിശീലന പരിപാടി വിശദമായി ആസൂത്രണം ചെയ്തിട്ടുണ്ട്. പരിശീലന സമയത്ത് IKMമിൽ നിന്നുള്ള വിദഗ്ധരായ റിസോഴ്സ് പേഴ്സൺമാർ പ്രധാന സെഷനുകൾ കൈകാര്യം ചെയ്ത് വിലപ്പെട്ട കാഴ്പ്പാടുകൾ നൽകി.

പരിശീലനം പ്രായോഗിക കേന്ദ്രീകൃതമായിരുന്നു. കമ്പ്യൂട്ടർ ലാബ് സെറ്റിംഗിൽ നടത്തിയ പരിശീലനത്തിലൂടെ പരിശീലനാർത്ഥികൾക്ക് പ്രായോഗിക പരിചയം നേടാനും സാധിച്ചു. ഇതുവരെ പരിശീലനത്തിന്റെ അഞ്ച് ബാച്ചുകൾ വിജയകരമായി പൂർത്തിയായിട്ടുണ്ട്.

അക്കൗണ്ട് വിഭാഗം ഉദ്യോഗസ്ഥരുടെ പരിശീലനം-വിവരങ്ങൾ

No.	Name of the Programme	No. of Participants	No. of Batches	Period of Training
	Training for officers of Accounts wing of ULBs	213	5	DEC TO JAN

സ്വച്ഛ് സർവേക്ഷൻ മൊഡ്യൂൾ ശില്പശാല

സ്വച്ഛ് സർവേക്ഷൻ റാങ്കിങ്ങിന് വേണ്ടി പരിശീലനങ്ങളും നടപടിക്രമങ്ങളും സംബന്ധിച്ച് നഗര ഭരണ സ്ഥാപനങ്ങൾക്ക് പരിശീലനം നൽകാൻ തദ്ദേശ സ്വയംഭരണ വകുപ്പ് കിലയെ ചുമതലപ്പെടുത്തിയിരുന്നു. ആയതിന്റെ മൊഡ്യൂൾ തയ്യാറാക്കുന്നതിനായി കില തുടർച്ചയായ രണ്ട് ശില്പശാലകൾ സംഘടിപ്പിച്ചു. മുനിസിപ്പൽ സെക്രട്ടറിമാർ, ഹെൽത്ത് ഇൻസ്പെക്ടർമാർ, എൽ.എസ്.ജി.ഡി (അർബൻ) വകുപ്പിൽ നിന്നുള്ള പ്രതിനിധികൾ, വേസ്റ്റ് മാനേജ്മെന്റ് വിദഗ്ധർ മുതലായവർ പങ്കെടുത്തു. പരിശീലന പരിപാടിയുടെ മൊഡ്യൂളുകൾ അന്തിമ ഘട്ടത്തിലാണ്. അഞ്ച് ദിവസത്തെ പരിപാടി വിപുലമായി സംഘടിപ്പിച്ചു.

സ്വച്ഛ് സർവേക്ഷൻ പരിശീലന വിരങ്ങൾ

No.	Name of the Programme	No. of Participants	No. of Batches	Period of Training
	Swachh Survekshan	46	2	JAN-FEB

നഗരസഭകളിലെ വർക്കിങ് ഗ്രൂപ്പ് അംഗങ്ങളുടെ പരിശീലനം

കോവിഡ്-19 പകർച്ചവ്യാധിയുടെ നീണ്ട ഇടവേളയ്ക്ക് ശേഷം, പതിനാലാം പഞ്ചവത്സര പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾക്കായി വൻതോതിലുള്ള ഓഫ്‌ലൈൻ പരിശീലനം ആരംഭിക്കാൻ കില തീരുമാനിച്ചു. ULB-കളിൽ (നഗര സ്വയംഭരണ സ്ഥാപനങ്ങൾ) പതിനാറ് വർക്കിംഗ് ഗ്രൂപ്പുകളുണ്ട്. അതിനാൽ സ്ഥിരം സമിതികളുടെ അടിസ്ഥാനത്തിലാണ് പരിശീലനങ്ങൾ സംഘടിപ്പിച്ചത്. പരിശീലന മൊഡ്യൂളുകളും പരിശീലന സാമഗ്രികളും തയ്യാറാക്കുന്നതിനായി സ്ഥിരം സമിതി തിരിച്ചുള്ള വർക്ക് ഷോപ്പുകൾ നടത്തി. ഫലപ്രദമായ പരിശീലനം ഉറപ്പാക്കുന്നതിനായി ഓരോ സ്ഥിരം സമിതിക്കും പരിശീലക പരിശീലന (TOT) പരിപാടികളും നടത്തിയിട്ടുണ്ട്. സംസ്ഥാനത്തുടനീളം ഏഴ് കേന്ദ്രങ്ങളിലാണ് പരിശീലനം നടത്തിയത്. നഗര പരിശീലനങ്ങൾ വികേന്ദ്രീകൃത രീതിയിൽ നടത്തുന്നത് ഇതാദ്യമായാണ്. എല്ലാ പരിശീലനങ്ങളും ഒരു ദിവസത്തിലേക്ക് ഒതുക്കിയിരുന്നു. ഓരോ വർക്കിംഗ് ഗ്രൂപ്പിൽ നിന്നും അഞ്ച് അംഗങ്ങളെ പരിശീലനത്തിൽ പങ്കെടുക്കാൻ ക്ഷണിച്ചു.

നഗരസഭകളിലെ വർക്കിങ് ഗ്രൂപ്പ് അംഗങ്ങളുടെ പരിശീലനം - വിവരങ്ങൾ

Programmes	Month	TOT	Training
Welfare Standing Committee	APRIL	62	711
Development Standing Committee	APRIL- MAY	95	575
Public Work Standing Committee	APRIL- MAY	79	468
Education Standing Committee	APRIL-MAY	54	235
Town Planning Standing Committee	APRIL-MAY		129
Finance Standing Committee & Tax Appeal	APRIL- MAY	30	184
Health Standing Committee	APRIL-MAY	49	366
Summary		369	2668



Training Venue and Districts included in the Clusters

No.	Cluster	Venue	District	Date
1	Kannur, Kasargode	KILA, Thaliparamba, Kannur	Kannur	18-23.04.2022, 25-26.04.2022
2	Malapuram	Malapuram Town Hall	Malapuram	18-23.04.2022, 25-26.04.2022
3	Kozhikode, Wayanad	Koyilandy Municipal Hall, Kozhikode	Kozhikode	18-20.04.2022
		District Planning Office Hall, Civil Station, Kozhikode	Kozhikode	21-23.04.2022, 25-26.04.2022
4	Ernakulam	Ernakulam Town Hall, Ernakulam	Ernakulam	18-21.04.2022
		EMS HallThrikkakara Municipal Town Hall,	Ernakulam	22-23.04.2022
		Ernakulam Kalamassery Municipal Town Hall,	Ernakulam	25-26.04.2022
5	Palakkad, Thrissur	KILA-Mulamkunnathukavu, Thrissur	Thrissur	18-23.04.2022, 25-26.04.2022
6	Kottayam, Idukki, Alappuzha	Chaithaniya Paster Centre, Thellakam, Ettumannur,	Kottayam	18-23.04.2022, 25-26.04.2022
7	Pathanamthitta, Kollam, Thiruvanathapuram	KILA-CHRD,Kottarakkara, Kollam (Anex Building)	Kollam	18-23.04.2022, 25-26.04.2022

മുനിസിപ്പാലിറ്റികൾക്കുവേണ്ടിയുള്ള പ്രത്യേക പരിശീലനം

ഗുരുവായൂർ, ആന്തൂർ മുനിസിപ്പാലിറ്റികൾ അവരുടെ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പ്രത്യേക പരിശീലനം നൽകാൻ കിലയോട് അഭ്യർത്ഥിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഗുരുവായൂർ മുനിസിപ്പാലിറ്റിയിലെ ഉദ്യോഗസ്ഥർക്കായി ഗുരുവായൂരിൽ തന്നെയാണ് പരിശീലനം നടത്തിയത്. ആന്തൂർ മുനിസിപ്പാലിറ്റിയിലെ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും വേണ്ടിയുള്ള പരിശീലനം കില ആസ്ഥാനത്ത് നടത്തി. പരിശീലനത്തിൽ ഉൾപ്പെടുത്തിയ പ്രധാന വിഷയങ്ങൾ സന്ദർഭരണംങ്ങൾ മെച്ചപ്പെടുത്തൽ, ബജറ്റ് തയ്യാറാക്കൽ, സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പങ്ക്, പുതിയ പദ്ധതികൾക്കുള്ള സാധ്യതകൾ, നിയമങ്ങളും ചട്ടങ്ങളും എന്നിവയായിരുന്നു. ഗുരുവായൂരിലെ പരിശീലനം നാല് ദിവസം നീണ്ടുനിൽക്കെ, ആന്തൂർ മുനിസിപ്പാലിറ്റിയുടെ പരിശീലനം മൂന്ന് ദിവസമായിരുന്നു.

EPIP മൈക്രോ പ്ലാൻ തയ്യാറാക്കുന്നതിനുള്ള പരിശീലനം

അതിദരിദ്രരെ കണ്ടെത്തുന്ന പ്രക്രിയയുടെ തുടർച്ചയായി, തിരിച്ചറിഞ്ഞ അതിദരിദ്ര കുടുംബങ്ങൾക്കായി മൈക്രോ

പ്ലാനുകൾ വികസിപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദേശങ്ങൾ കില, എൽ.എസ്.ജി.ഡി., കുടുംബശ്രീ എന്നിവ സംയുക്തമായി തയ്യാറാക്കിയിട്ടുണ്ട്. ഇതിനായി നിരവധി പരിശീലന പരിപാടികളും നടത്തിയിട്ടുണ്ട്. പരിശീലനത്തിന്റെ ആദ്യപടി സംസ്ഥാന തലത്തിൽ പരിശീലകരെ പരിശീലിപ്പിക്കുക എന്നതായിരുന്നു. തുടർന്ന്, ജില്ലാതല ഉദ്യോഗസ്ഥർ, സെക്രട്ടറിമാർ, നോഡൽ ഓഫീസർമാർ എന്നിവർക്കുള്ള പരിശീലനവും, എൽ.എസ്.ജി.ഡി. തലവന്മാർക്കും റിസോഴ്സ് പേഴ്സൺമാർക്കും (ആർപി) വേണ്ടിയുള്ള പരിശീലനവും നടത്തി. ബ്ലോക്ക് തലത്തിൽ, ഓരോ ബ്ലോക്കിലെയും തിരഞ്ഞെടുക്കപ്പെട്ട മുഴുവൻ പ്രതിനിധികൾക്കും പരിശീലനം നൽകി. മൈക്രോപ്ലാൻ തയ്യാറാക്കുന്നതിനായി വാർഡ് തല ടീമുകളെ പരിചയപ്പെടുത്തുന്നതിനായി LSG തല ശില്പശാലകൾ നടത്തി. പരിപാടിയുടെ ഭാഗമായി ഓരോ കുടുംബത്തിനും വേണ്ടി മൈക്രോ പ്ലാനുകൾ വികസിപ്പിക്കുകയും ഒരു LSG തല അതിദരിദ്ര ഉപപദ്ധതി തയ്യാറാക്കാനും നിർദ്ദേശിച്ചു.

Sl. No	Name of the Training	No. of Participants
1	Workshops (4 workshops)	231
2	State ToT	191
3	District ToT	134
4	Training of LSG Heads and Secretaries	1589
5	Workshop of LSG Association Leaders	80
6	Training on District Level Officials	520
7	Training of Block Presidents	140
8	Block Level Officials Training	1400
9	Training for Elected Representatives	6280
10	GPLevel Workshops	1793



സഹകരണപരമായ പരിശീലനങ്ങളും കാര്യപരിപാടികളും

തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനീയർമാരുടെ പരിശീലനം

തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗം കിലയുമായി സഹകരിച്ച് കില തൃശൂർ, സി.എച്ച്.ആർ.ഡി. കൊട്ടാരക്കര എന്നീ കാമ്പസുകളിൽ വച്ച് നാല് ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിച്ചു. കെട്ടിടങ്ങൾ, റോഡുകളുടെ രൂപകല്പന, എസ്റ്റിമേറ്റ് തയ്യാറാക്കൽ, സോഫ്റ്റ്വെയർ ഉപയോഗം, ഉദ്യോഗസ്ഥരുടെ പെരുമാറ്റ് സമീപനങ്ങൾക്ക് ഊന്നൽ നൽകൽ എന്നി വയടക്കം എൽ.എസ്.ജി.ഡി.കൾക്ക് കീഴിൽ പ്രവർത്തിക്കുന്ന എഞ്ചിനീയർമാർക്ക് അവരുടെ ജോലിയുടെ വിവിധ വശങ്ങളെക്കുറിച്ച് അടിസ്ഥാന ധാരണ നൽകുന്നതിനാണ് ഈ പരിപാടി ലക്ഷ്യമിട്ടത്. പരിശീലനത്തിന്റെ ഏകോപനം കില കൈകാര്യം ചെയ്തു. പരിശീലന പരിപാടിയുടെ വിശദാംശങ്ങൾ താഴെ നൽകിയിരിക്കുന്നു.

Details of Urban Status Study

No.	Name of the Programme	No of Participants	No of Batches	Period of Training
1	Training for LSGD Engineers	1106	10	JULY-SEP

PRICE സോഫ്റ്റ്വെയർ മാസ്റ്റർ പരിശീലന പരിപാടി

LSGD എഞ്ചിനീയറിംഗ് വിഭാഗം എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനായി ഉപയോഗിക്കുന്ന സോഫ്റ്റ്വെയറാണ് പ്രൈസ് (PRICE). എൽഎസ്ജിഡി എൻജിനീയറിംഗും കിലയും സംയുക്തമായി, തൃശൂരിലെ കില കാമ്പസിൽ മാസ്റ്റർ ട്രെയിനർമാർക്കായി രണ്ട് ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിച്ചു. രണ്ട് ബാച്ചുകളിലായി ആകെ 224 മാസ്റ്റർ റിസോഴ്സ് പേഴ്സൺമാർ പങ്കെടുത്തു. പരിശീലന സെഷനുകൾ കൈകാര്യം ചെയ്ത എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗിൽ നിന്നുള്ള റിസോഴ്സ് പേഴ്സൺമാരാണ്. പ്രൈസ് സോഫ്റ്റ്വെയറിനായുള്ള മാസ്റ്റേഴ്സ് ട്രെയിനിംഗ് പ്രോഗ്രാമിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

No.	Name of the Programme	No of Participants	No of Batches	Period of Training
1	Masters Training Programme for PRICE Software	224	2	JULY-AUG

മത്സ്യ ബന്ധനവും സമുദ്ര സുരക്ഷയും : ഉപദേശീയ ശില്പശാല

The International Council in Support of Fish Workers (ICSF) ഉം കിലയും സംയുക്തമായി 2023 മാർച്ച് 1-2 തിയതികളിൽ, തൃശൂരിലെ കില കാമ്പസിൽ വച്ച് കടൽ സുരക്ഷയെക്കുറിച്ച് രണ്ട് ദിവസത്തെ ശില്പശാല സംഘടിപ്പിച്ചു. സമുദ്രസുരക്ഷയിലും മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗ്ഗം ഉറപ്പാക്കുന്നതിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കിനെക്കുറിച്ചായിരുന്നു ശില്പശാല ചർച്ച ചെയ്തത്. ശില്പശാലയ്ക്ക് മുന്നോടിയായി കിലയും ഐ.സി.എസ്. എഫും തീരദേശ ജീവിതത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് അഞ്ച് കേസ് സ്റ്റഡികൾ നടത്തുകയും അവ ശില്പശാലയിൽ അവതരിപ്പിക്കുകയും ചെയതു. മത്സബന്ധന മേഖലയിലെ വിദഗ്ദ്ധരും 15 LSGIകളിൽ നിന്നുള്ള പ്രതിനിധികളും ശില്പശാലയിൽ പങ്കെടുത്തു. സമുദ്ര സുരക്ഷയും മത്സ്യതൊഴിലാളികളുടെ ഉപജീവന സാധ്യതകളും സംബന്ധിച്ച് ശുപാർശകൾ സർക്കാരിലേക്ക് സമർപ്പിക്കുന്നതിനായി നിർദ്ദേശങ്ങൾ ശില്പശാലയിലൂടെ രൂപീകരിച്ചു.

Details of Subnational Capacity Development Workshop on Fisheries Management & Safety at Sea

No.	Name of the Programme	No of Participants	No of Batches	Period of Training
1	Subnational Capacity Development Workshop on Fisheries Management & Safety at Sea	53	1	MARCH

സംയോജിത മലിനജല മാനേജ്മെന്റ് : NIUA-KILA പരിശീലന പരിപാടി

സംയോജിത മലിനജല മാനേജ്മെന്റ്, സീവേജ് ആന്റ് സെപ്റ്റേജ് ശുദ്ധീകരണം മുതലായവ സംസ്ഥാനത്തെ നിർണ്ണായക പ്രശ്നങ്ങളാണ്. ഇതേതുടർന്ന് ഈ മേഖലയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് പരിശീലനം നൽകുന്നതിനുള്ള നടപടികളാണ് കില സ്വീകരിച്ചുവരുന്നത്. ഈ സാഹചര്യത്തിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അർബൻ അഫയേഴ്സ് (NIUA) സംയോജിത മലിനജല മാനേജ്മെന്റിനെക്കുറിച്ച് പരിശീലന സെഷനുകൾ നടത്താൻ സന്നദ്ധത പ്രകടിപ്പിച്ചു. സാങ്കേതിക ജീവനക്കാർക്കും അല്ലാത്തവർക്കുമായി അവർ മൊഡ്യൂളുകൾ വികസിപ്പിച്ചിട്ടുണ്ട്.

NIUAയും കിലയും സഹകരിച്ച് 2022-23 ൽ വിവിധ പങ്കാളികളെ ലക്ഷ്യമിട്ട് മൂന്ന് ബാച്ച് പരിശീലന സെഷനുകൾ സംഘടിപ്പിച്ചു. ആദ്യ രണ്ട് ബാച്ചുകൾ എൻജിനീയർമാരേയും ഹെൽത്ത് ഇൻസ്പെക്ടർമാരേയും കേന്ദ്രീകരിച്ചായിരുന്നു. അവസാനത്തെ ബാച്ചിൽ ഹെൽത്ത് ഇൻസ്പെക്ടർമാരും തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും ഉൾപ്പെട്ടിരുന്നു. മലിനജല/സെപ്റ്റേജ് ശുദ്ധീകരണ പദ്ധതികളുടെ രൂപകല്പനയും ആശൂത്രണവും സംസ്കരണവും ഈ പരിശീലനത്തിന്റെ പ്രധാന ഘടകങ്ങളാണ്.

Details of NIUA-KILA Training Programme on IWSM

No.	Name of the Programme	No of Participants	No of Batches	Period of Training
1	NIUA-KILA Training Programme on IWSM	76	3	AUGUST TO MARCH

കേരള ഖര മാലിന്യ പരിപാലന പദ്ധതി

നഗരസഭകളിലെ ഖരമാലിന്യ സംസ്കരണ വെല്ലുവിളികൾ നേരിടാൻ ലക്ഷ്യമിട്ടുള്ള ലോകബാങ്ക് ധനസഹായത്തോടെയുള്ള ഒരു സംരംഭമാണ് കേരള ഖരമാലിന്യ മാനേജ്മെന്റ് പദ്ധതി. കേരളത്തിലുടനീളമുള്ള 87 മുനിസിപ്പാലിറ്റികളിലും 6 കോർപ്പറേഷനുകളിലും ഈ പദ്ധതി നടപ്പാക്കാനാണ് ലോകബാങ്ക് ഉദ്ദേശിക്കുന്നത്. TNA നടത്തുന്നതിനായുള്ള ഏജൻസിയായി കിലയെ നിയോഗിച്ചിട്ടുണ്ട്. കില ഇതിനായി പ്രാരംഭ പരിശീലനം നടത്തുകയും ചെയ്തു.

തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ, ഉദ്യോഗസ്ഥർ, മാലിന്യ ശേഖരണ തൊഴിലാളികൾ, ഹരിത കർമ്മസേന അംഗങ്ങൾ എന്നിവരുൾപ്പെടെ വിവിധ പങ്കാളികളെ ഈ അസസ്സ്മെന്റിൽ ലക്ഷ്യമിട്ടിരുന്നു. ഓരോ വിഭാഗത്തിനും അനുസൃതമായ വ്യത്യസ്ത ഉപാധികൾ കില രൂപകല്പന ചെയ്യുകയും ഇവ ഒരു ശില്പശാലയിലൂടെ അവലോകനം ചെയ്ത് പരിഷ്കരിക്കുകയും ചെയ്തു. 21 മുനിസിപ്പാലിറ്റികളും രണ്ട് കോർപ്പറേഷനുകളും ഉൾപ്പെടുന്ന 23 നഗരസഭകളാണ് ടി.എൻ.എ. സാമ്പിളിൽ ഉൾക്കൊള്ളുന്നത്.

ടി.എൻ.എ. യുടെ വിജയകരമായ നിർവ്വഹണത്തിനായി ഓരോ മുനിസിപ്പാലിറ്റിയിൽ നിന്നും രണ്ട് റിസോഴ്സ് പേഴ്സൺമാരെ തിരഞ്ഞെടുക്കുകയും പരിശീലിപ്പിക്കുകയും ചെയ്തു. ഒരു ഓൺലൈൻ പ്ലാറ്റ് ഫോം ഉപയോഗിച്ച് വിവരശേഖരണം നടത്തുകയും, ശേഖരിച്ച ഡാറ്റയുടെ അടിസ്ഥാനത്തിൽ തുടർന്നുള്ള റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്തു. മൂന്ന് മാസത്തിനുള്ളിൽ സമഗ്രമായ റിപ്പോർട്ട് സമർപ്പിക്കാൻ കിലയ്ക്ക് സാധിച്ചു. KSWMP യുടെ കീഴിലുള്ള ആസൂത്രണ പ്രവർത്തനങ്ങൾക്ക് അടിസ്ഥാന പഠനമായാണ് ഈ റിപ്പോർട്ട് നിലകൊള്ളുന്നത്.



Details of Kerala Solid Waste Management Project

No.	Name of the Programme	No of Participants	No of Batches	Period of Training
1	Kerala Solid Waste Management Project – Workshop	49	2	MAY-JUNE
2	Kerala Solid Waste Management Project – Training	178	1	NOVEMBER

ശുചിത്വ മിഷൻ ഉദ്യോഗസ്ഥർക്കുള്ള പരിശീലനം

ശുചിത്വ മിഷൻ 2022 ഡിസംബറിൽ അവരുടെ ഉദ്യോഗസ്ഥർക്കായി മൂന്ന് ദിവസത്തെ കാര്യശേഷി വർദ്ധന പരിശീലനം നടത്തി. മാലിന്യ സംസ്കരണത്തിന്റെ വിവിധ വശങ്ങളെയും ശുചിത്വ മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ശുചിത്വമിഷൻ ഉദ്യോഗസ്ഥരുടെ അറിവ് വർദ്ധിപ്പിക്കുകയെന്നതായിരുന്നു പരിശീലനത്തിന്റെ ലക്ഷ്യം. പരിശീലന മൊഡ്യൂളുകളുടെ തയ്യാറാക്കൽ നിർവ്വഹിച്ചത് ശുചിത്വമിഷനായിരുന്നു. ഏകോപന പ്രവർത്തനങ്ങൾ കില സുഗമമാക്കി. കില ആസ്ഥാനം, തിരുവനന്തപുരത്തെ അനിമേഷൻ സെന്റർ എന്നീ കേന്ദ്രങ്ങളിലായാണ് പരിശീലനം നടന്നത്.

Details of Training for Suchithwa Mission Officials.

No.	Name of the Programme	No of Participants	No of Batches	Period of Training
1	Training for Suchithwa Mission Officials	269	2	DECEMBER

IRTC ഹരിത സഹായ സ്ഥാപനം (HSS) : കോർഡിനേറ്റർമാരുടെ അവലോകന യോഗം

സംസ്ഥാനത്തെ ഹരിതസഹായ സ്ഥാപനങ്ങളിലൊന്നായാണ് ഐ.എർ.ടി.സി. പ്രവർത്തിക്കുന്നത്. കിലയുടെ സഹായത്തോടെ ഐ.ആർ.ടി.സി., കില കാമ്പസിൽ രണ്ട് ദിവസത്തെ അവലോകന യോഗം സംഘടിപ്പിച്ചു. സഹായ സ്ഥാപന കോഓർഡിനേറ്റർമാരുടെ മൊത്തത്തിലുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും വരും വർഷത്തേക്കുള്ള പദ്ധതികൾ രൂപീകരിക്കുന്നതിനുമായിട്ടാണ് പരിപാടി സംഘടിപ്പിച്ചത്.

Details of Review Meeting of IRTC Haritha Sahaya Sthapanam (HSS) Co-ordinators

No.	Name of the Programme	No of Participants	No of Batches	Period of Training
1	Review Meeting of IRTC Haritha Sahaya Sthapanam (HSS) Co-ordinators	17	1	MARCH

ഹരിത മിത്രം സ്മാർട്ട് ഗാർബേജ് ആപ്പ് പരിശീലനം

സംസ്ഥാനത്തെ ഖരമാലിന്യ വസ്തുക്കളുടെ നീക്കം നിരീക്ഷിക്കുന്നതിനായി കെൽട്രോൺ, ശുചിത്വ മിഷൻ, ഹരിത കേരളം മിഷൻ എന്നിവ സംയുക്തമായി വികസിപ്പിച്ചെടുത്ത ഒരു പുതിയ ആപ്ലിക്കേഷണാണ് ഹരിത മിത്രം സ്മാർട്ട് ഗാർബേജ് ആപ്പ്. ഗാർഹിക മാലിന്യങ്ങളുടെ നീക്കം സംസ്ഥാനതലം വരെ നിരീക്ഷിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. പ്രാരംഭഘട്ടത്തിൽ സംസ്ഥാനത്തുടനീളമുള്ള 50 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇത് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കി. ശുചിത്വ മിഷൻ, ഹരിത കേരളം മിഷൻ എന്നിവയുമായി ഏകോപിപ്പിച്ച് പരിശീലനം നടത്താനുള്ള ചുമതല കിലയ്ക്ക് നൽകി.

സംസ്ഥാന തല പരിശീലകരുടെ പരിശീലനം (ടി.ഒ.ടി.) മുതൽ തദ്ദേശ സ്വയംഭരണ തലത്തിൽ ഹരിത കർമ്മസേനാംഗങ്ങളുടെ പരിശീലനം വരെ വ്യാപിപ്പിക്കുന്ന പരിശീലന പ്രക്രിയയിൽ നിരവധി ഘട്ടങ്ങൾ ഉൾപ്പെടുന്നു. ഈ സമഗ്ര പരിശീലനം ആറ് മാസത്തോളം നീണ്ടുനിന്നു. മൊഡ്യൂൾ തയ്യാറാക്കലും രൂപകല്പനയും ശുചിത്വ മിഷൻ, ഹരിത കേരളം മിഷൻ, കില എന്നിവയുടെ സഹകരണത്തോടെയാണ് നടന്നത്.

No.	Name of the Programme	No of Participants	Month
1	District level Cluster level training on Haritha Mithram Smart Garbage App	2757	MAY
2	District level training on Haritha Mithram Smart Garbage TOT & Training	1204	APRIL & MAY
3	LSGI level Training on Haritha Mithram Smart Garbage App	12661	JUNE & SEPTEMBER

തെളിനീരൊഴുകും നവകേരളം: സമ്പൂർണ്ണ ജലശുചിത്വം കാമ്പയിൻ പദ്ധതി

ശുചിത്വ മിഷനും ഹരിത കേരള മിഷനും ഏറ്റെടുത്ത വിപുലമായ പ്രചാരണമായിരുന്നു ഇത്. പ്രാരംഭഘട്ടമായി സംസ്ഥാനത്തുടനീളമുള്ള മലിനമായ ജലാശയങ്ങൾ മാപ്പ് ചെയ്യുക എന്നതായിരുന്നു ലക്ഷ്യം. തുടർന്നുള്ള ഘട്ടം പൊതുജന പങ്കാളിത്തത്തോടെ ജലാശയങ്ങൾ വൃത്തിയാക്കാനുദ്ദേശിച്ചുള്ളതായിരുന്നു. മലിനമായ ഇടങ്ങളിൽ നിന്ന് ജല സാമ്പിളുകൾ ശേഖരിക്കലും ഇതിന്റെ അടിസ്ഥാനത്തിലുള്ള ശുചീകരണ പ്രക്രിയയും പദ്ധതിയിൽ ഉൾപ്പെടുന്നു. ഇതിനായി ഒരു Geographical Information System (GIS) ഫ്ളാറ്റ് ഫോം വികസിപ്പിച്ച് ഉപയോഗിക്കുകയും ചെയ്തു. വാർഡ്തലത്തിലുള്ള ആരോഗ്യ ശുചിത്വ കമ്മിറ്റികളുടെ പിന്തുണയോടെയാണ് പ്രചാരണം രൂപപ്പെടുത്തിയത്. സംസ്ഥാനതല പരിശീലകരുടെ പരശീലനം ഉൾപ്പെടെ പ്രാരംഭ പരിശീലന സെഷനുകൾ കിലയാണ് നടത്തിയത്. ആകെ 708 പേർ ഓൺലൈനായി ഈ പരിശീലനത്തിൽ പങ്കെടുത്തു. താഴെ തലത്തിലുള്ള പരിശീലനങ്ങൾ ശുചിത്വമിഷനും ഹരിതകേരളം മിഷനും സംയ്കുതമായാണ് നടത്തിയത്.

ദ്രവമാലിന്യ മാനേജ്മെന്റ് : സെമിനാർ

കിലയും കേരള ശാസ്ത്ര സാഹിത്യ പരിഷത്തും (കെ.എസ്.എസ്.പി.) സംയ്കുതമായി 2022 ജൂണിൽ കൊച്ചിയിൽ വച്ച് ഒരു ദിവസത്തെ ദ്രവമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ചു. സെമിനാറിന്റെ ഉദ്ഘാടനം ഓൺലൈനായി ശ്രീമതി. ശാരദ മുരളീധരൻ, ഐ.എ.എസ്., അഡീഷണൽ ചീഫ് സെക്രട്ടറി

നിർവ്വഹിച്ചു. ശുചിത്വ മിഷൻ, ഐ.ആർ.ടി.സി., കെ.എസ്.എസ്.പി. എന്നിവയിലെ ഉന്നത ഉദ്യോഗസ്ഥർ റിസോഴ്സ് പേഴ്സൺമാരായി പ്രബന്ധങ്ങൾ അവതരിപ്പിച്ചു. മൊത്തം 173 പേരാണ് ഏകദിന സെഷനിൽ പങ്കെടുത്തത്.

സ്ഥിതി സാഹചര്യവും സ്വീകാര്യതയും - എസ്.പി.ബി, എസ്.ആർ.ജി & കില ശില്പശാല

പ്രാദേശിക സാമ്പത്തിക വികസന മേഖലയിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കായി മാതൃക പദ്ധതികൾ തയ്യാറാക്കാൻ കേരള സംസ്ഥാന ആസൂത്രണ ബോർഡ് തുടർച്ചയായ ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. വിവിധ വിഷയങ്ങൾക്കായി പ്രത്യേക പദ്ധതികൾ വിവിധ ടീമുകൾ വികസിപ്പിച്ചെടുക്കുകയും വിവിധ ശില്പശാലകളിലൂടെ ഈ പദ്ധതികളുടെ സാധ്യത ഉറപ്പാക്കാൻ ആസൂത്രണ ബോർഡ് ശ്രമിക്കുകയും ചെയ്യുന്നു. മൃഗസംരക്ഷണം, പാൽ ഉദ്പാദനം എന്നീ മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഒരു ശില്പശാല കിലയുടെ പിന്തുണയോടെ 2023 മാർച്ച് 15ന് തിരുവനന്തപുരത്ത് വച്ച് നടന്നു. ഈ മേഖലയിലെ വിദഗ്ദ്ധർ ശില്പശാലയിൽ പങ്കെടുത്തു.

Details of SPB, SRG & KILA Workshop on Feasibility & Acceptance

No.	Name of the Programme	No of Participants	No of Batches	Period of Training
1	SPB, SRG & KILA Workshop on Feasibility & Acceptance	31	1	MARCH

ഉന്നത് ഭാരത് അഭിയാൻ : ശില്പശാല

ഉന്നത് ഭാരത് അഭിയാൻ നോർത്തേൻ റീജിയണൽ കോർഡിനേറ്റർ എന്ന നിലയിൽ ഐ.ഐ.ടി. പാലക്കാട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുവാനും അതിനായി ഒരു സ്ട്രാറ്റജി പേപ്പർ സംയുക്തമായി വികസിപ്പിക്കുന്നതിനും കിലയുമായി നിരവധി തവണ ചർച്ചകൾ നടത്തിയിട്ടുണ്ട്. വടക്കൻ കേരളത്തിലെ പ്രധാന സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ 2022 ഏപ്രിലിൽ കിലയിൽ വച്ച് സംയുക്തമായി ഒരു ശില്പശാല നടത്തി. വടക്കൻ കേരളത്തിൽ നിന്നുള്ള 11 അക്കാദമിക് സ്ഥാപനങ്ങളുടെയും 10 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെയുള്ള ഒരു ഏകദിന പരിപാടിയായിരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും അക്കാദമിക സ്ഥാപനങ്ങളുടെയും ജില്ലാതല സംയുക്ത യോഗങ്ങൾ നടത്തുന്നതിനുള്ള കർമ്മപദ്ധതി തയ്യാറാക്കിയാണ് പരിപാടി സമാപിച്ചത്

ജില്ലാ ആസൂത്രണ സമിതി അംഗങ്ങൾക്കുള്ള ഓറിയന്റേഷൻ പരിശീലനം

കേരള സംസ്ഥാന ആസൂത്രണ ബോർഡ് (കെ.എസ്.പി.ബി.), കിലയുടെ സഹകരണത്തോടെ, ജില്ലാ ആസൂത്രണ സമിതി അംഗങ്ങൾക്കായി രണ്ട് ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിച്ചു. ആദ്യപരിപാടി വയനാട് ജില്ലയിലെ ഡി.പി.സി. അംഗങ്ങൾക്കായി കിലയിലും 2022 ജൂണിൽ തിരുവനന്തപുരത്തും നടത്തി. രണ്ട് സ്ഥലങ്ങളിലായി നടന്ന പരിപാടിയിൽ മൊത്തം 169 പേർ പങ്കെടുത്തു. ഡി.പി.സി. കളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും 14-ാം പഞ്ചവത്സര പദ്ധതിയുടെ പ്രധാന കേന്ദ്രീകൃത മേഖലകളെക്കുറിച്ച് ഒരു ധാരണ വികസിപ്പിക്കുന്നതിനുതകുന്ന തരത്തിലാണ് പരിശീലന ഉള്ളടക്കം രൂപപ്പെടുത്തിയിരിക്കുന്നത്.

ക്രിസ്പ് ഫെല്ലോകൾക്കുള്ള ഓറിയന്റേഷൻ

സെന്റർ ഫോർ റിസർച്ച് ഇൻ സ്കീംസ് ആൻഡ് പോളിസീസ് (ക്രിസ്പ്), കിലയുമായി സഹകരിച്ച്, ക്രിസ്പ് സമിതി അംഗങ്ങൾക്കായി 2023 ജനുവരി 11 മുതൽ 2023 ജനുവരി 14 വരെ തൃശൂരിലെ കില കാമ്പസിൽ മൂന്ന് ദിവസത്തെ ഓറിയന്റേഷൻ സംഘടിപ്പിച്ചു. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള 18 പേർ പരിപാടിയിൽ പങ്കെടുത്തു. ഇന്ത്യയിലെ പഞ്ചായത്തീരാജ്, പഞ്ചായത്തുകളും സ്വയം സഹായ സംഘങ്ങളും (എസ്.എച്ച്.ജി.) തമ്മിലുള്ള ബന്ധം, കേരളത്തിലെ പഞ്ചായത്തീരാജ് അനുഭവം എന്നിവയെക്കുറിച്ച് ആഴത്തിലുള്ള ധാരണ നൽകാൻ ഉദ്ദേശിച്ചുള്ളതായിരുന്നു ഈ പരിപാടി. ഒരു ദിവസത്തെ ഫീൽഡ് സന്ദർശനവും പരിപാടിയിൽ ഉൾപ്പെടുത്തിയിരുന്നു. കേരള മുൻ ചീഫ് സെക്രട്ടറി ശ്രീ. എസ്. എം. വിജയാനന്ദ്, ഐ.എ.എസ്. (റിട്ട.), സംസ്ഥാനത്തിന്റെ മുൻ ആരോഗ്യ സെക്രട്ടറി ശ്രീ. രാജീവ് സദാനന്ദൻ, ഐ.എ.എസ്. (റിട്ട.) മുതലായവർ പരിപാടിയിൽ പങ്കെടുത്തവരുമായി സംവദിച്ചു.



കില ലൈബ്രറി

കിലയുടെ അഭിമാനകരായ സേവനങ്ങളിലൊന്നാണ് ലൈബ്രറി & ഇൻഫർമേഷൻ സെന്റർ. വികേന്ദ്രീകരണത്തേയും പ്രാദേശിക ഭരണത്തേയും കുറിച്ചുള്ള വിജ്ഞാന ശേഖരണം, ഓർഗനൈസേഷൻ, വിതരണം എന്നിവയുടെ കേന്ദ്രമാണിത്. കില ലൈബ്രറിയിൽ ഏകദേശം 17500 പുസ്തകങ്ങളും 50 ലധികം ആനുകാലികങ്ങളും റിപ്പോർട്ടുകളും മറ്റ് രേഖകളും ലഭ്യമാണ്. കൂടാതെ നല്ലൊരു ഓൺലൈൺ ശേഖരവും ഇവിടെയുണ്ട്. KOHA എന്ന ലൈബ്രറി മാനേജ്മെന്റ് സിസ്റ്റം മുഖാന്തിരമാണ് ലൈബ്രറിയുടെ ഓട്ടോമേഷൻ സംവിധാനം ചെയ്തിട്ടുള്ളത്. ഇന്റർനെറ്റിന്റെ സഹായത്താലുള്ള ഓൺലൈൺ പബ്ലിക് കാറ്റലോഗ് (OPAC) ഉപയോക്താക്കൾക്ക് തന്നെ ലൈബ്രറിയുടെ സേവനങ്ങൾ പ്രയോജനപ്പെടുത്താൻ അനുവദിക്കുന്നു. കിലയുടെ പ്രസിദ്ധീകരങ്ങളെല്ലാം ഡിജിറ്റൽ ശേഖരത്തിൽ നിന്നും ലഭ്യമാണ്. ശരിയായ പ്രയോജകർക്ക് ശരിയായ സമയത്ത് ശരിയായ വിവരങ്ങൾ നേരിട്ടോ അല്ലാതേയോ നൽകാൻ ലൈബ്രറി ലക്ഷ്യമിടുന്നു. സ്ഥാപനത്തിന്റെ അക്കാദമിക് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രസക്തമായ എല്ലാവിവരങ്ങളും രേഖകളും കരസ്ഥമാക്കുകയെന്നതാണ് ലൈബ്രറിയുടെ കൃത്യമായ ലക്ഷ്യം. ലൈബ്രറിയെ പൂർണ്ണമായി ഡിജിറ്റലൈസ് ചെയ്ത് തദ്ദേശ ഭരണത്തെ സംബന്ധിച്ച ഒരു സമ്പൂർണ്ണവിവര കേന്ദ്രമായി വികസിപ്പിക്കുന്നതിനുള്ള ശ്രമങ്ങളാണ് നടക്കുന്നത്. എല്ലാ കില ജീവനക്കാർക്കും പരിശീലനാർത്ഥികൾക്കും പൊതുജനങ്ങൾക്കും ലൈബ്രറിയുടെ സേവനങ്ങൾ ലഭ്യമാണ്.



മുനിസിപ്പാലിറ്റികളെക്കുറിച്ചുള്ള പഠനം

വിവരങ്ങളുടെ അഭാവം നഗരഭരണത്തിലെ ഒരു പ്രധാന പ്രശ്നമാണ്. ഈ സാഹചര്യത്തിൽ കേരളത്തിലെ എല്ലാ നഗരഭരണ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി വിപുലമായ പഠനം നടത്താൻ കേരള മുനിസിപ്പൽ ആൻഡ് കോർപ്പറേഷൻ സ്റ്റാഫ് യൂണിയൻ, ചേംബർ ഓഫ് മുനിസിപ്പൽ ചെയർമാൻ, മേയർമാരുടെ ചേംബർ, കില എന്നിവ സംയുക്തമായി തീരുമാനിച്ചു. സെന്റർ ഫോർ അർബൻ ഗവേണൻസ് ഇതിനായി ചോദ്യാവലിയും പരിശീലന സാമഗ്രികളും തയ്യാറാക്കി. 2022 മെയ് മാസത്തിൽ തിരുവനന്തപുരത്ത് വച്ച് ഒരു പരിശീലന പരിപാടി സംഘടിപ്പിക്കുകയും, മുൻ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ ഉദ്ഘാടനം ചെയ്യുകയും ചെയ്തു. വിവര ശേഖരണത്തിനായി വ്യക്തികളെ പരിശീലിപ്പിക്കുന്നതിനായി എല്ലാ ജില്ലകളിലും ജില്ലാതല വർക്ക്ഷോപ്പുകൾ സംഘടിപ്പിച്ചു. വിവര ശേഖരണവും വിശകലനവും സുഗമമാക്കുന്നതിന് കിലയിൽ ഒരു ഇടക്കാല മൂല്യനിർണ്ണയ ക്യാമ്പ് നടത്തി. ഓൾ കേരള പ്രൊഫഷണൽ സോഷ്യൽ വർക്കേഴ്സ് അസോസിയേഷനുമായി സഹകരിച്ച്, ഓരോ മുനിസിപ്പാലിറ്റിക്കും ഒരു ഇന്റേണിനെ നിയോഗിക്കുകയും 2023 ഫെബ്രുവരിയിൽ നടന്ന വർക്ക്ഷോപ്പിൽ അവർക്ക് പരിശീലനം നൽകുകയും ചെയ്തു. ഇന്റേണുകളുടെ പിന്തുണയോടെ വിവരശേഖരണം അതിന്റെ അവസാന ഘട്ടത്തിലെത്തിയിരിക്കുകയാണ്. കേരളത്തിലെ നഗര ഭരണത്തെക്കുറിച്ചുള്ള ഗണ്യമായ വിവരങ്ങൾ പഠനത്തിനായി ലഭ്യമാക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ആശാ വർക്കർമാരുടെ പരിശീലനം

തൃശൂർ ജില്ലയിലെ ആശാപ്രവർത്തകർക്കായി 22 ബാച്ചുകളിലായി കില ഒരു പരിശീലന പരിപാടി സംഘടിപ്പിച്ചു. മൊഡ്യൂൾ തയ്യാറാക്കുന്നതിനും നേതൃനിരയെ പരിശീലിപ്പിക്കുന്നതിനുമുള്ള ഉത്തരവാദിത്തം ആരോഗ്യവകുപ്പിനായിരുന്നു. ഇ-സഞ്ജീവനി പോർട്ടലിനെക്കുറിച്ചുള്ള വിശദാംശങ്ങൾ, ആരോഗ്യ-ശുചിത്വ സമിതികളുടെ പങ്ക് സാംക്രമികവും സാംക്രമികേതരവുമായ രോഗങ്ങൾ, ആരോഗ്യ ഇൻഷൂറൻസ് എന്നിവയുൾപ്പെടെ വിവിധ വിഷയങ്ങൾ പരിശീലനത്തിൽ ഉൾപ്പെടുത്തി. ഓരോ ബാച്ചിനും മൂന്ന് ദിവസത്തെ പരിശീലനം നൽകുകയും മുഴുവൻ പരിപാടിയും മൂന്ന് മാസ കാലയളവിൽ പൂർത്തിയാക്കുകയും ചെയ്തു.

സംയോജിത LSGD ശില്പശാല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 2023 ജനുവരി 23 മുതൽ 25 വരെ തിരുവനന്തപുരത്ത് വച്ച് ഒരു വർക്ക്ഷോപ്പ് നടത്തി. വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി വിവിധ പ്രൊഫഷണലുകളുടെ ആവശ്യകതകൾ കണ്ടെത്തുകയെന്നതായിരുന്നു ഈ ശില്പശാലയുടെ പ്രാഥമിക ലക്ഷ്യം. സംസ്ഥാന, ജില്ലാ തലങ്ങളിൽ നിന്നുള്ള മുതിർന്ന ഉദ്യോഗസ്ഥർ ശില്പശാലയിൽ സജീവമായി പങ്കെടുത്തു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയും നടപടിക്രമങ്ങളിൽ പങ്കെടുത്തു.

ആർ.ജി.എസ്.എ. അധിക ഫാക്കൽറ്റികൾക്കുള്ള ഇൻഡക്ഷൻ പരിശീലനം

കുടുംബശ്രീ, കിലയുടെ സഹകരണത്തോടെ, ആർ.ജി.എസ്.എ. പദ്ധതിയെ പിന്തുണയ്ക്കുന്നതിനായി കേരളത്തിലെ എല്ലാ ബ്ലോക്കുകളിലും അധിക ഫാക്കൽറ്റികളെ ഏർപ്പെടുത്തിയിട്ടുണ്ട്. ബ്ലോക്ക് റിസോഴ്സ് സെന്ററുകൾ സ്ഥാപിക്കുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പിന്തുണയ്ക്കുകയും ചെയ്യുകയെന്നതാണ് ഈ സംരംഭത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ. ആകെ 139 ആർ.ജി.എസ്.എ. കോ-ഓർഡിനേറ്റർമാർ ഈ പദ്ധതിയിൽ നിയോഗിക്കപ്പെട്ടിട്ടുണ്ട്. ആദ്യഘട്ട പ്രവർത്തനങ്ങൾ എസ്.ഡി.ജി. കോഴ്സുകളുമായി ബന്ധപ്പെട്ടതാണ്. ഇവർക്ക് 2023 മാർച്ച് 12, 13 തീയതികളിൽ തൃശൂരിലെ കില കാമ്പസിൽ വച്ച് രണ്ട് ദിവസത്തെ ഇൻഡക്ഷൻ പരിശീലനവും നൽകിയിട്ടുണ്ട്. പരിപാടിയുടെ ലക്ഷ്യങ്ങളെക്കുറിച്ച് കില ഡയറക്ടർ ഡോ. ജോയ് ഇളമൺ വിശദീകരിച്ചു നൽകി. കേരളത്തിലെ പഞ്ചായത്ത് രാജ്, എസ്.ഡി.ജി. കോഴ്സുകൾ, ലോക്കൽ ഇൻഡിക്കേറ്റർ ഫ്രെയിംവർക്ക്, വേസ്റ്റ് മാനേജ്മെന്റ് എന്നിവയെക്കുറിച്ചുള്ള സെഷനുകളായിരുന്നു പരിശീലനത്തിലെ പ്രധാന ഉള്ളടക്കം.

ബ്ലോക്ക് പഞ്ചായത്ത് പ്രതിനിധികളുടെ കാര്യശേഷി വികസനം

ബ്ലോക്ക് പഞ്ചായത്ത് പ്രതിനിധികൾക്കായി 2022 ഡിസംബർ 01 നും 2023 ഫെബ്രുവരി 11 നും ഇടയിൽ പരിശീലന പരിപാടി സംഘടിപ്പിച്ചു. ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുക്കുന്ന പദ്ധതികളുമായി ബന്ധപ്പെട്ട സംശയങ്ങളും ആശങ്കകളും പരിഹരിക്കുകയെന്ന ലക്ഷ്യത്തോടെയുള്ള സെഷനുകൾ ഈ പരിശീലനത്തിൽ ഉൾപ്പെടുത്തിയിരുന്നു. ബ്ലോക്ക് പഞ്ചായത്തുകളുടെ അവസരങ്ങളും സാധ്യതകളും ഉൾക്കൊള്ളുന്ന സുസ്ഥിര വികസന കാഴ്ചപ്പാടിലേക്കായി സമഗ്രമായ സമീപനമാണ് പരിശീലനം സ്വീകരിച്ചത്. 19 ബാച്ചുകളിൽ നിന്നുള്ള 742 പേർ പരിശീലന പരിപാടിയിൽ പങ്കെടുത്തു.

ആലപ്പുഴ മുനിസിപ്പാലിറ്റി: സമ്പൂർണ്ണ ശുചിത്വ പരിപാടി

അലപ്പുഴ മുനിസിപ്പാലിറ്റിയിലെ ശുചിത്വവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുകയെന്ന ലക്ഷ്യത്തോടെയാണ് പരിശീലന പരിപാടി ആരംഭിച്ചത്. ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പങ്കെടുത്ത പരിശീലനത്തിൽ മാലിന്യ സംസ്കരണത്തിലെ മികച്ച സമ്പ്രദായങ്ങൾക്ക് പേരുകേട്ട ഗുരുവായൂർ, കുന്നംകുളം മുനിസിപ്പാലിറ്റികളുമായി സഹകരിച്ചാണ് ഇത് നടത്തിയത്. 2023 ജനുവരി 05-06 തീയതികളിൽ നടന്ന പരിശീലന പരിപാടിയിൽ മൊത്തം 40 പേർ പങ്കെടുത്തു.

ധർമ്മടം നിയമസഭാ മണ്ഡലം വികസന സെമിനാർ

ധർമ്മടം നിയമസഭാമണ്ഡലത്തിലെ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ആശയങ്ങൾ സംയോജിപ്പിക്കുന്തിനായി ഒരു വേദി സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പരിശീലനം ആരംഭിച്ചത്. 2022 ഡിസംബർ 23 ന്, ധർമ്മടം നിയമസഭാ മണ്ഡലത്തിൽ നിന്നുള്ള 535 പ്രമുഖരായ അംഗങ്ങളുടെ പങ്കാളിത്തത്തോടെ ഒരു ദിവസത്തെ പരിശീലന സെഷൻ ആരംഭിച്ചു.

തൃശൂർ ജില്ലയിലെ ബ്ലോക്ക് തല ഉദ്യോഗസ്ഥർക്കുള്ള ഇ-ഓഫീസ് പരിശീലനം.

2022 സെപ്റ്റംബർ 19 ന്, തൃശൂർ ജില്ലയിലെ വിവിധ ബ്ലോക്ക് തല ഉദ്യോഗസ്ഥർക്കായി ഇ-ഓഫീസ് സംബന്ധിച്ച ഒരു പരിശീലന പരിപാടി ആരംഭിച്ചു. ബ്ലോക്ക് തല ഉദ്യോഗസ്ഥർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഓൺലൈൺ സേവനങ്ങളെക്കുറിച്ച് സമഗ്രമായ അറിവ് നൽകുകയെന്നതായിരുന്നു ഈ പരിശീനത്തിന്റെ ലക്ഷ്യം. 2022 സെപ്റ്റംബർ 19 ന് ആരംഭിച്ച പരിശീലനത്തിൽ നാല് ബാച്ചുകളിലായി 110 പേർ പങ്കെടുത്തു.

ഓഡിറ്റർ ജനറൽ ഉദ്യോഗസ്ഥർക്കുള്ള ഐ.എൽ.ജി.എം.എസ്. പരിശീലനം

ഓഡിറ്റർ ജനറൽ ഉദ്യോഗസ്ഥർക്ക് ഐ.എൽ.ജി.എം.എസ്. സംവിധാനത്തെ സംബന്ധിച്ച് വ്യക്തമായ ധാരണ നൽകുകയെന്ന ലക്ഷ്യത്തോടെയാണ് ഈ പരിശീലനം ആരംഭിച്ചത്. ഐ.എൽ.ജി.എം.എസ്. എന്ന ആശയവും മറ്റ് ഓൺലൈൺ സേവനവുമായി ബന്ധപ്പെട്ട വശങ്ങളും എല്ലാ ഉദ്യോഗസ്ഥരിലും ഫലപ്രദമായി എത്തിക്കുകയെന്നതായിരുന്നു പരിശീലനത്തിന്റെ പ്രത്യേക ലക്ഷ്യം. ഈ പരിശീലനത്തിലൂടെ, ജനറൽ ഓഡിറ്റർമാർ എല്ലാ സർക്കാർ ഉദ്യോഗസ്ഥരിലേക്കും ഐ.എൽ.ജി.എം.എസും മറ്റ് ഓൺലൈൺ സേവനവുമായി ബന്ധപ്പെട്ട ആശയങ്ങളെയും കുറിച്ച് സമഗ്രമായ ധാരണയോടെ സമീപിക്കുവാൻ ഉദ്ദേശിക്കുന്നു. 2022 ഒക്ടോബർ 27 ന് ആരംഭിച്ച് 29 ന് സമാപിച്ച പരിശീലനത്തിൽ 37 പേർ പങ്കെടുത്തു.

IKM ടെക്നിക്കൽ അസിസ്റ്റന്റുമാർക്കുള്ള ഐ.എൽ.ജി.എം.എസ്. പരിശീലനം

IKM ടെക്നിക്കൽ അസിസ്റ്റന്റുമാർക്ക് ILGMS നെ സംബന്ധിച്ച് സമഗ്രമായ ധാരണ നൽകുകയെന്ന ലക്ഷ്യത്തോടെ 2022 സെപ്റ്റംബർ 11 ന് ആരംഭിച്ച ഈ പരിശീലനം 2022 സെപ്റ്റംബർ 17 ന് 41 പേരുടെ പങ്കാളിത്തത്തോടെ സമാപിച്ചു.

കുട്ടികൾക്കുള്ള ഇന്റർഫേസ് പരിശീലനം

ബാലസൗഹൃദ തദ്ദേശ ഭരണമെന്ന എന്ന ആശയം കുട്ടികളിൽ പരിചയപ്പെടുത്തുന്നതിനോടൊപ്പം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കുട്ടികൾക്ക് പരിചയപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് 2022 നവംബർ 19 ന് ഇന്റർഫേസ് പരിശീലനം ആരംഭിച്ചത്. ഈ പരിശീലനത്തിൽ 75 പേർ പങ്കെടുത്തു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തങ്ങൾക്ക് നൽകുന്ന അവസരങ്ങളെയും അവകാശങ്ങളെയും കുറിച്ച് കുട്ടികളിൽ വ്യക്തമായ അവബോധം സൃഷ്ടിക്കുകയെന്നതായിരുന്നു പരിശീലനത്തിന്റെ ലക്ഷ്യം.

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് ഗ്യാരണ്ടി നിയമം (MGNREGA) - ഗ്രാമപഞ്ചായത്ത് അംഗങ്ങൾക്കുള്ള ഏകദിന പരിശീലനം

പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ വികസന ചരിത്രത്തിൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് (MGNREGA) പദ്ധതി നിർണായക പങ്ക് വഹിക്കുന്നു. മറ്റ് കേന്ദ്ര / സംസ്ഥാന പദ്ധതികളുമായി ഏകീകരിപ്പിച്ചുകൊണ്ട് ഈ പദ്ധതിയുടെ പൂർണ്ണ സാധ്യത പ്രയോജനപ്പെടുത്താനും ദീർഘകാല അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കാനും അത്യാവശ്യ ഇടപെടലുകൾ ആവശ്യമാണ്. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ നിന്നുള്ള ഉദ്യോഗസ്ഥരെ സജീവമായി പങ്കെടുപ്പിക്കുകയെന്ന ലക്ഷ്യത്തോടെ 2022 നവംബർ 19 ന് ആരംഭിച്ച ഈ പദ്ധതി അവരുടെ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനുള്ള വിലപ്പെട്ട സംഭാവനയായി മാറി. തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾക്ക് ഈ പദ്ധതിയുടെ ആസൂത്രണം, നടപ്പിലാക്കൽ, മേൽനോട്ടം എന്നിവയിൽ നിർണായക പങ്ക് വഹിക്കാൻ കഴിയും. കാലാവസ്ഥ വ്യതിയാനം, ദുരന്ത നിവാരണം തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടെ ഗ്രാമപഞ്ചായത്ത് അംഗങ്ങൾക്കെല്ലാം കിലയുടെ ആഭിമുഖ്യത്തിൽ പരിശീലനം നൽകി. മൊത്തം 10 ബാച്ചുകളായി രണ്ട് ദിവസം നീണ്ടുനിൽക്കുന്ന പരിശീലനം കിലയുടെ ആസ്ഥാനത്തും കൊട്ടാരക്കര കാമ്പസിലുമായാണ് നടന്നത്.



പരിശീലന ലക്ഷ്യങ്ങൾ

1) മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് (MGNREGA) പദ്ധതിയുടെ തത്വങ്ങൾ, മാനേജ്മെന്റ്, നിരീക്ഷണം എന്നിവയെക്കുറിച്ച് പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾക്ക് അറിവ് നൽകുക.
2) പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ വികസന ആസൂത്രണത്തിൽ MGNREGA യുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിലുള്ള പങ്ക് തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളെ ബോധ്യപ്പെടുത്തുക.
3) പദ്ധതി നടപ്പിലാക്കുന്നതിലൂടെ ആസ്തികൾ സൃഷ്ടിക്കുന്നതിൽ ജനപ്രതിനിധികളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുക.

ഇത് 2022 ഒക്ടോബർ 11 മുതൽ ഡിസംബർ 22 വരെ നടന്ന ഏകദിന പരിശീലന പരിപാടിയായിരുന്നു. എല്ലാ ജില്ലകളിലും പരിശീലന സെഷനുകൾ പൂർത്തിയായി. വിവിധ കാമ്പസുകളിൽ ആകെ 163 പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. ഈ പരിശീലന സെഷനുകളിൽ സംസ്ഥാനത്തുനിന്നും ആകെ 8,751 പേർ പങ്കെടുത്തു.

MGNREGA - സാങ്കേതിക വിദഗ്ധർക്കുവേണ്ടി സംയോജിത നീർത്തട പരിശീലനം

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് ഗ്യാരണ്ടി (MGNREGA) മിഷൻ, കിലയുടെ സഹകരണത്തോടെ ജലവിഭവ വികസന മേഖലയിൽ വിഭവ വ്യക്തികളെ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ ഒരു പരിശീലന പരിപാടി വികസിപ്പിച്ചെടുത്തിട്ടുണ്ട്.

MGNREGA - മേയ്റ്റുമാരെ പരിശീലിപ്പിക്കുന്നതിനുള്ള പരിശീലക പരിശീലനം

സംസ്ഥാന തൊഴിലുറപ്പ് ഗ്യാരണ്ടി മിഷൻ (State Employment Guarantee Mission), കിലയുടെ സഹകരണത്തോടെ അർദ്ധ വൈദഗ്ദ്ധ്യ തൊഴിലാളികൾക്ക് അവരുടെ സാങ്കേതിക വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുന്നതിനായി പരിശീലനം നൽകിവരുന്നു. ഇതിനാവശ്യമായ മൊഡ്യൂളുകളും പരിശീലന സാമഗ്രികളും തയ്യാറാക്കി തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ പരിശീലനം പൂർത്തിയാക്കി. മറ്റ് ജില്ലകളിലെ റിസോഴ്സ് പേഴ്സൺമാർക്കുള്ള പരിശീലനവും വേഗത്തിൽ സംഘടിപ്പിച്ചുവരുന്നു.

കമ്മ്യൂണിറ്റി മൊബിലൈസേഷൻ കോഴ്സ് - പരിശീലക പരിശീലനം

കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ആഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ (ASAP) ഭാഗമായി കമ്മ്യൂണിറ്റി മൊബിലൈസേഷൻ കോഴ്സിനുള്ള പാഠ്യപദ്ധതി തയ്യാറാക്കി. ഈ ഉദ്യമത്തിന്റെ



ഭാഗമായി വിവിധ ജില്ലകളിൽ കോഴ്സുകൾ നടത്തുന്നതിനായി ഫെസിലിറ്റേറ്റർമാരെ പരിശീലിപ്പിക്കുന്നതിനായി കിലയെ സമീപിച്ചതിന്റെ അടിസ്ഥാനത്തിൽ പരിശീലകർക്കായി അഞ്ച് ദിവസത്തെ പരിശീലന പരിപാടി നടത്തി.

പുതുതായി നിയമിതരായ പട്ടികജാതി ഡെവലപ്മെന്റ് ഉദ്യോഗസ്ഥരുടെ പരിശീലനം

പട്ടികജാതി വികസന വകുപ്പിൽ പുതിയതായി നിയമിതരായ ഉദ്യോഗസ്ഥർക്ക് കില ആറ് ദിവസത്തെ പ്രാഥമിക പരിശീലന പരിപാടി സംഘടിപ്പിച്ചു. പ്രസ്തുത പരിശീലനത്തിന്റെ പാഠ്യപദ്ധതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം, പട്ടികജാതി വികസന ഓഫീസർമാരുടെ ചുമതലകൾ, മാനേജ്മെന്റ് വിഷയങ്ങൾ മുതലായ വിഷയങ്ങളാണ് ഉൾപ്പെടുത്തിയത്. കൂടാതെ വകുപ്പിൽ നിന്നുള്ള ഉദ്യോഗസ്ഥരെയും കിലയെയും ഉൾപ്പെടുത്തി മൊഡ്യൂൾ തയ്യാറാക്കുന്നതിനായി ഒരു ശില്പശാല സംഘടിപ്പിച്ചു.

MGNREGS - പരിശീലന മൊഡ്യൂൾ തയ്യാറാക്കൽ ശില്പശാല

മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ (MGNREGS) നടത്തിപ്പ്, ഭരണം, മേൽനോട്ടം എന്നിവയിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും അസിസ്റ്റന്റ് സെക്രട്ടറിമാർക്കും നിർണായക പങ്ക് വഹിക്കാനുണ്ട്. ഇതിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും അസിസ്റ്റന്റ് സെക്രട്ടറിമാർക്കും പരിശീലന മൊഡ്യൂൾ തയ്യാറാക്കുന്നതിനുള്ള പരിശീലനം നൽകുന്നതിനായി ഒരു ശില്പശാല സംഘടിപ്പിച്ചു. കിലയിൽ നിന്നും സംസ്ഥാന തൊഴിലുറപ്പ് മിഷനിൽ നിന്നുമുള്ള ഉദ്യോഗസ്ഥരും റിസോഴ്സ് പേഴ്സൺമാരും ശില്പശാലയിൽ പങ്കെടുത്തു.

ഇക്കോ-ഡി.ആർ.ആർ.

MGNREGS ന്റെ സഹായത്തോടെ ഇക്കോ-ഡി.ആർ.ആർ. എന്ന വിഷയത്തിൽ സെപ്തംബർ 27, 28 തീയതികളിൽ ഒരു ദേശീയതല പരിശീലകർക്കുള്ള പരിശീലനം സംഘടിപ്പിച്ചു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള

പരിശീലകർക്കായാണ് ഇത് സംഘടിപ്പിച്ചത്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും പ്രാദേശിക സർക്കാരിതര സംഘടനകളിൽ നിന്നും അക്കാദമിക് സ്ഥാപനങ്ങളിൽ നിന്നുമുള്ള പ്രാതിനിധ്യം ശില്പശാലയിൽ ഉണ്ടായിരുന്നു.

രണ്ട് ദിവസത്തെ ദേശീയ TOT യിൽ ആകെ 44 പ്രതിനിധികൾ പങ്കെടുത്തു. ഇവരിൽ 30 പേർ പങ്കാളികളും 14 പേർ റിസോഴ്സ് പേഴ്സൺമാരും സംഘാടകരുമായിരുന്നു. മൊത്തം 44-ൽ, 16% കമ്മ്യൂണിറ്റി അധിഷ്ഠിത ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ദേശീയ തല സംഘടനകളിൽ നിന്നുള്ളവരായിരുന്നു. 61% പരിശീലന സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ സ്ഥാപനങ്ങളിൽ നിന്നുള്ളവരാണ്. 23% അക്കാദമിക് സ്ഥാപനങ്ങളിൽ നിന്നുള്ളവരാണ്. പങ്കെടുത്ത 30 പേരിൽ 20 പേർ പുരുഷന്മാരും 10 പേർ സ്ത്രീകളുമാണ്. 14 റിസോഴ്സ് പേഴ്സൺമാരിൽ 3 റിസോഴ്സ് പേഴ്സൺമാർ സ്ത്രീകളും ബാക്കി 11 പേർ പുരുഷന്മാരുമാണ്. വിജ്ഞാന സംപ്രാദനം വിലയിരുത്തുന്നതിനായി ഒരു പ്രീ-പോസ്റ്റ് ടെസ്റ്റ് നടത്തുകയും പങ്കെടുത്ത 26 പങ്കാളികളും (16 പുരുഷന്മാരും 10 സ്ത്രീകളും) ഇക്കോ-ഡി.ആർ.ആർ. എന്ന ആശയത്തെക്കുറിച്ച് മൊത്തത്തിലുള്ള വിജ്ഞാനം നേടിയവരാണെന്ന് നിരീക്ഷിക്കപ്പെട്ടു.

ഇക്കോ-ഡി.ആർ.ആർ. ഒരു സിസ്റ്റം സമീപനം ആവശ്യമുള്ള പുതുതായി ഉയർന്നുവരുന്ന പ്രവർത്തന മേഖലയായതിനാൽ ക്രോസ്-ലേണിംഗിനും ആശയ കൈമാറ്റത്തിനും പങ്കാളികളുടെ മിക്സഡ് ഗ്രൂപ്പ് സഹായിച്ചു. അണ്ണാമലൈ സർവകലാശാല, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ് ആൻഡ് പഞ്ചായത്ത് രാജ്, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, RTGEO Envorn,കേരള സ്റ്റേറ്റ് ലാൻഡ് യൂസ് ബോർഡ്, സംസ്ഥാന തൊഴിലുറപ്പ് മിഷൻ എന്നിവയിലെ വിദഗ്ദ്ധരാണ് സെഷനുകൾ കൈകാര്യം ചെയ്തത്. ജലസംഭരണത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ ജലസംഭരണ മാർഗ്ഗങ്ങൾ അവതരിപ്പിക്കുകയും പങ്കെടുത്തവരെ കൊട്ടാരക്കര ജലസമൃദ്ധി പദ്ധതി സന്ദർശിക്കുന്നതിനായി ഫീൽഡ് വിസിറ്റ് സംഘടിപ്പിക്കുകയും ചെയ്തു.

KILA- NCRMP ഷെൽറ്റർ ലെവൽ പരിശീലനം

LSG DMSC കളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും വ്യക്തമാക്കുക, ദുരന്തസാധ്യതകൾ ലഘൂകരിക്കുക, കാലാവസ്ഥവ്യതിയാനം മൂലമുള്ള ആഘാതം കുറയ്ക്കുക, LSG DMSC കൾ വഴി കാലാവസ്ഥ വ്യതിയാന പൊരുത്തപ്പെടൽ സമന്വയിപ്പിക്കാനുള്ള പ്രക്രിയ രൂപപ്പെടുത്തുക. മുതലായവയായിരുന്നു പരിശീലനത്തിന്റെ മുഖ്യ ലക്ഷ്യങ്ങൾ. പരിശീലനാർത്ഥികൾക്ക് ഈ ആശയങ്ങളെക്കുറിച്ച് ശക്തമായ അടിസ്ഥാന ധാരണ നൽകുകയെന്നതായിരുന്നു പ്രാഥമിക ലക്ഷ്യം. പരിശീലനത്തിന്റെ ഭാഗമായി ഇ. ആർ.ടി. അംഗങ്ങൾ യഥാർത്ഥ ജീവിത സാഹചര്യങ്ങൾ അനുകരിക്കുന്നതിനായി മോക്ക് ഡ്രിൽ നടത്തി. ചുഴലിക്കാറ്റിന്റെ മുന്നറിയിപ്പുകളുടെ സമയത്ത് ഫലപ്രദമായ ഏകോപനം, ഉറപ്പാക്കുന്നതിന് ഈ സംരംഭങ്ങളെല്ലാം എം.പി.സി.എസ്. ന്റെ സമഗ്രമായ ചട്ടകൂടുമായി സംയോജിപ്പിച്ചിട്ടുണ്ട്. കൂടാതെ, മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കാനും സന്നദ്ധരാകുന്നു. ദുരന്ത ലഘൂകരണ നടപടികളുടെ പ്രാധാന്യം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ചറിയുന്നുണ്ടെങ്കിലും ദുരന്ത സാധ്യതകൾ കുറയ്ക്കുന്നതിനും അവരുടെ അധികാരപരിധിയിലുള്ള പ്രദേശങ്ങളിൽ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിലെ വിടവുകൾ പരിശീലപരിപാടിയിൽ വെളപ്പെടുത്തി. LSG DMSC അവരുടെ നിർവ്വഹണ ഉദ്യോഗസ്ഥരുമായി സഹകരിച്ച് പ്രാദേശിക തലത്തിലുള്ള ആശങ്കകൾ പരിഹരിക്കുന്നതിനായുള്ള ചർച്ചകളിൽ ഏർപ്പെടുകയും ചെയ്യുന്നതിനാൽ, വികേന്ദ്രീകൃത രീതിയിലുള്ള പരീശീലനം ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശികവൽക്കരണവും ദേശീയ പഞ്ചായത്ത് അവാർഡും

സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശികവൽക്കരണ ആസൂത്രണത്തിനും ദേശീയ പഞ്ചായത്ത് അവാർഡിനുമായി പഞ്ചായത്തുകളെ സജ്ജമാക്കുന്നതിന്റെ ഭാഗമായി ജില്ലാതലത്തിൽ ഒരു ഏകദിന ശില്പശാല സംഘടിപ്പിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്, സെക്രട്ടറി, പ്ലാൻ ക്ലർക്ക്, ഗ്രാമപഞ്ചായത്ത് ടെക്നിക്കൽ അസിസ്റ്റന്റ്, ഓരോ ഗ്രാമപഞ്ചായത്തിൽ നിന്നും ഒരു കില റിസോഴ്സ് പേഴ്സൺ എന്നിവരാണ് പങ്കെടുത്തത്. ഓരോ ബാച്ച് വീതം 14 ജില്ലകളിലും ശില്പശാല സംഘടിപ്പിച്ചു.

കമ്പ്യൂട്ടർ ഫണ്ടമെന്റൽ പരിശീലനം

കിലയും ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ സെൽഫ് ഗവൺമെന്റും എസ്.കെ.ഡി.സിയുടെ സഹായത്തോടുകൂടി 14 ജില്ലകളിലായി ഗ്രാമപഞ്ചായത്ത്



ജനപ്രതിനിധികൾക്ക് അത്യാവശ്യം അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ ഉൾപ്പെടുത്തി നാല് ദിന റസിഡൻഷ്യൽ കമ്പ്യൂട്ടർ ഫണ്ടമെന്റൽസ് പരിശീലന പരിപാടി സംഘടിപ്പിച്ചു.

അക്കൗണ്ടന്റുമാർക്കുള്ള നാല് ദിന മുഖാമുഖ റസിഡൻഷ്യൽ പരിശീലനം

സ്ഥാനകയറ്റം ലഭിച്ച നിലവിൽ അക്കൗണ്ടന്റുമാരായിട്ടുള്ള നാളിതുവരെ കിലയിൽ നിന്നും അക്കൗണ്ടന്റുമാരുടെ ഇൻഡക്ഷൻ പരിശീലനം ലഭിച്ചിട്ടില്ലാത്തവർക്കായി 4 ദിവസം നീണ്ടുനിൽക്കുന്ന റസിഡൻഷ്യൽ പരിശീലനം സംഘടിപ്പിച്ചു. 45 പേർ വീതമുള്ള എട്ട് ബാച്ച് പരിശീലനം കിലയിൽ വച്ചാണ് സംഘടിപ്പിച്ചത്.

തൊഴിൽ അരങ്ങത്തേക്ക് - ജില്ലാതല അർദ്ധദിന പരിശീലനം

കേരള നോളജ് ഇക്കോണമി മിഷൻ സംഘടിപ്പിക്കുന്ന പരിപാടിയാണ് 'തൊഴിലരങ്ങത്തേക്ക്' എന്നത്. ഇതിന്റെ ഭാഗമായി മാതൃക പ്രൊജക്ടുകൾ തയ്യാറാക്കുന്നതിനുള്ള ശില്പശാലയിൽ ഓരോ ടീമും എഴുതി തയ്യാറാക്കിയ പ്രൊജക്ടുകൾക്ക് അന്തിമ രൂപം നൽകി. തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷർ, സെക്രട്ടറി, ഡി.പി.സി അംഗങ്ങൾ, കുടുംബശ്രീ കമ്മ്യൂണിറ്റി അംബാസിഡർമാർ എന്നിവർക്ക് ജില്ലാതലത്തിൽ പരിശീലനങ്ങൾ സംഘടിപ്പിച്ചു.

പതിനാലാം പഞ്ചവത്സര പദ്ധതി-രണ്ടാം വാർഷിക പദ്ധതി രൂപീകരണം- ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കുമുള്ള ഏകദിന ജില്ലാതല പരിശീലനം

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷന്മാർ, സെക്രട്ടറിമാർ, സാനിറ്റേഷൻ കമ്മിറ്റി അസിസ്റ്റന്റ് സെക്രട്ടറിമാർ, ആസൂത്രണ സമിതി ഉപാദ്ധ്യക്ഷന്മാർ, പ്ലാൻ ക്ലർക്ക്, പ്രൊജക്ട് അസിസ്റ്റന്റുമാർ (നഗരസഭകളിലെ ടെക്നിക്കൽ അസിസ്റ്റന്റ്) എന്നിവർക്ക് 2022 ഡിസംബർ മാസത്തിൽ പരിശീലനം നൽകി. വിവിധ ജില്ലകളിൽ നിന്നായി 310 ബാച്ചുകളിൽ അയ്യായിരത്തോളം പേർ പങ്കാളികളായി.

തദ്ദേശ ഭരണ സ്ഥാപനങ്ങളും വിനോദ സഞ്ചാര മേഖലയിലെ സാധ്യതകളും-ഏകദിന സെമിനാർ

വിനോദ സഞ്ചാര മേഖലയിൽ അനന്ത സാധ്യതകൾ ഉള്ള ജില്ലയാണ് കാസർഗോഡ്. പ്രാദേശിക സാമ്പത്തിക വികസനത്തിന് ഊന്നൽ നൽകിയിട്ടുള്ള പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ജില്ലയിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് വിനോദ സഞ്ചാര മേഖലയിൽ പദ്ധതികൾ തയ്യാറാക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകുന്നതിനുള്ള ഏകദിന സെമിനാർ 2022 ഡിസംബർ 31 ന് രാവിലെ 10 മുതൽ വൈകിട്ട് 3 മണി വരെ പള്ളിക്കര ബേക്കൽ ബീച്ചിൽ, ബേക്കൽ ഇന്റർ നാഷണൽ ബീച്ച് ഫെസ്റ്റ് വേദിയിൽ വച്ച് സംഘടിപ്പിച്ചു. കാസർഗോഡ് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനതല അദ്ധ്യക്ഷർ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ



(ജില്ലാപഞ്ചായത്തിലെ എല്ലാ അംഗങ്ങളും)എന്നിവരാണ് പങ്കെടുത്തത്.

ലോക്കൽ ഫണ്ട് നിയമസഭാ സമിതി- നിയമങ്ങളും ചട്ടങ്ങളും ഭേദഗതി ചെയ്യുന്നതിനുള്ള ശുപാർശകൾ

കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളുടെ തുടർനടപടികളുടെ ഭാഗമായി കേരളപഞ്ചായത്തീരാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവയിലെ വ്യവസ്ഥകൾക്കനുസൃതമായി ചട്ടങ്ങൾ നിലവിലില്ലാത്തവ രൂപീകരിക്കുന്നതിനും നിലവിലുള്ളവ പരിഷ്കരിക്കുന്നതിനുമായുള്ള ശുപാർശ സമർപ്പിക്കേണ്ടതുണ്ട്. ആയതിന്റെ ഭാഗമായി ശില്പശാലകൾ സംഘടിപ്പിച്ച് ശുപാർശകൾ തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിച്ചു.

പട്ടികജാതി പ്രൊമോട്ടർമാർക്കുള്ള ത്രിദിന പരിശീലനം

കിലയും പട്ടികജാതി വികസന വകുപ്പും സംയുക്തമായി 2022 നവംബർ മാസത്തിൽ തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, കോഴിക്കോട്, തൃശ്ശൂർ എന്നീ ജില്ലകളിൽ വെച്ച് എസ്.സി ഫീൽഡ് തല പ്രൊമോട്ടർമാർക്കുള്ള ത്രിദിന റസിഡൻഷ്യൽ പരിശീലനം നടത്തി.

പട്ടികവർഗ്ഗ പ്രൊമോട്ടർമാർക്കുള്ള പരിശീലനം

കിലയും പട്ടികവർഗ്ഗ വികസന വകുപ്പും സംയുക്തമായി എസ്.ടി ഫീൽഡ് പ്രൊമോട്ടർ/ഹെൽത്ത് പ്രൊമോട്ടർമാർക്കായി 2022 ഓഗസ്റ്റ് 23 മുതൽ സെപ്തംബർ അവസാനം വരെ നാല് ദിവസത്തെ റസിഡൻഷ്യൽ പരിശീലനം തിരുവനന്തപുരം മാർ ഗ്രിഗോറിയസ് റിന്യുവൽ സെന്ററിൽ വെച്ച് നടത്തി.

പട്ടികജാതി വികസന വകുപ്പിലെ അക്രഡിറ്റഡ് എഞ്ചിനീയർമാർക്കും ഓവർസിയർമാർക്കുമുള്ള ത്രിദിന പരിശീലനം

കിലയും പട്ടികജാതി വികസന വകുപ്പും സംയുക്തമായി പട്ടികജാതി വികസന വകുപ്പിലെ അക്രഡിറ്റഡ് എഞ്ചിനീയർമാർക്കും ഓവർസിയർമാർക്കുമുള്ള ത്രിദിന റസിഡൻഷ്യൽ പരിശീലനം 2022 നവംബർ മാസത്തിൽ തൃശ്ശൂർ, കിലയിൽ വെച്ച് നടത്തി.

ഗ്രാമപഞ്ചായത്തുകളിലെ കേൾവി പരിമിതരായ ഉദ്യോഗസ്ഥർക്കുള്ള ILGMS ആംഗ്യഭാഷ പരിശീലനം

തദ്ദേശ സ്വയംഭരണ വകുപ്പിൽ ജോലി ചെയ്യുന്ന കേൾവി പരിമിതരായ 46 ജീവനക്കാർക്ക് ILGMS നെ സംബന്ധിച്ച് ആംഗ്യഭാഷയൽ പരിശീലനം നൽകി. 2022 മുതൽ ഗ്രാമപഞ്ചായത്തുകളിലെ എല്ലാ ഫയലുകളും പ്രോസസ് ചെയ്യുന്നത് ILGMS വഴിയാണ്. പൊതുജനങ്ങൾക്ക് ILGMS സിറ്റിസൺ പോർട്ടൽ വഴി അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള സൗകര്യം പൂർത്തീകരിച്ചിരുന്നെങ്കിലും കേൾവി പരിമിതരായ ജീവനക്കാർക്ക് പരിശീലനം നൽകിയിരുന്നില്ല. സർക്കാർ നിർദ്ദേശ പ്രകാരം ആംഗ്യഭാഷയിൽ പരിചയസമ്പന്നരായ ഇന്റർപ്രെറ്റർമാരാണ് ക്ലാസ്സുകൾ നയിച്ചത്. വിഷയ വിദഗ്ദ്ധർ പ്രോംപ്റ്റർമാരുടെ റോളുകളിലേക്ക് മാറി. കൂടാതെ ആംഗ്യഭാഷ മാത്രം അറിയുന്ന ജീവനക്കാർക്ക് ആംഗ്യഭാഷയിലും കേൾവിക്കൊപ്പം കാഴ്ചപരിമിതി കൂടിയുള്ളവർക്ക് ചുണ്ടിന്റെ ചലനങ്ങൾ ഉപയോഗിച്ച് മനസ്സിലാക്കുന്ന തരത്തിലും കാഴ്ച്ചപരിമിതർക്ക് ക്ലാസ്സിലെ ഭാഗങ്ങൾ അതാത് സമയം ഡാറ്റാ എൻട്രി നടത്തി വലിയ സ്ക്രീനിൽ ലഭ്യമാക്കിയും ക്ലാസ്സുകൾ ലൈവായി ആംഗ്യഭാഷയിൽ മൊഴിമാറ്റം നടത്തി മുഴുവൻ പരിശീലനാർത്ഥികൾക്കും വ്യക്തമാക്കുന്ന രീതിയിലാണ് പരിശീലനം നടത്തിയത്.

സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് നടക്കുന്ന നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലെ കേൾവി പരിമിതരായ ഉദ്യോഗസ്ഥർക്കുള്ള ILGMS ആംഗ്യഭാഷ പരിശീലന പരിപാടിയുടെ സമാപനവും സർട്ടിഫിക്കറ്റ് വിതരണവും തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി ശ്രീ എം.ബി.രാജേഷ് നിർവ്വഹിച്ചു.

മഴക്കാലപൂർവ്വ ശുചീകരണവും മാലിന്യ പരിപാലനവും - ഓറിയന്റേഷൻ

സംസ്ഥാന സർക്കാരിന്റെ നിർദ്ദേശപ്രകാരം മഴക്കാലപൂർവ്വ ശുചീകരണവും മാലിന്യസംസ്ക്കരണവും അടിയന്തിര പ്രാധാന്യത്തോടെ നടത്തുന്നതിനായി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 2023 മാർച്ച് 21 മുതൽ 24 വരെ ജില്ലകളിൽ വച്ച് അർദ്ധദിന മുഖാമുഖ പരിശീലനം സംഘടിപ്പിച്ചു. ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും അദ്ധ്യക്ഷൻ, സെക്രട്ടറി, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, ശുചിത്വ നോഡൽ ഓഫീസർ എന്നിവരാണ് പരിശീലനാർത്ഥികളായത്. 14 ജില്ലകളിലും പരിപാടി സംഘടിപ്പിച്ചു.



കില-ന്യുവാൽസ് ധാരണ പത്രം ഒപ്പുവെച്ചു.

കോവഡ് 19 പകർച്ചവ്യാധി കാലഘട്ടത്തിൽ സാമൂഹിക സാമ്പത്തിക അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക് എന്ന വിഷയത്തിൽ പഠനം നടത്തുകയെന്ന ഉദ്ദേശലക്ഷ്യത്തോടെയാണ് 2022 ജൂൺ 2 ന് കില-ന്യുവാൽസ് ധാരണപത്രം ഒപ്പുവെച്ചത്. ഒരു വർഷമായിരുന്നു പ്രോജക്ട് കാലാവധി. കോവിഡ് 19 പകർച്ചവ്യാധി കാലഘട്ടത്തിൽ ജനങ്ങളുടെ സാമൂഹിക സാമ്പത്തിക അവകാശങ്ങൾ, അവരുടെ ആരോഗ്യ സംരക്ഷണത്തിനായുള്ള അവകാശം ഉൾപ്പെടെ സംരക്ഷിക്കുന്നതിനുവേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ ഭരണഘടനാപരമായ അധികാരം എങ്ങിനെ ഉപയോഗിച്ചുയെന്ന് മനസ്സിലാക്കുക, തദ്ദേശ സ്ഥാപനങ്ങളുടെ ഭരണാഘടനാപരമായ അധികാരം ഉപയോഗിക്കുന്നതിന് പരിമിതപ്പെടുത്തിയ തടസ്സങ്ങൾ തിരിച്ചറിയുക, ദുരന്ത ലഘൂകരണത്തിനുവേണ്ടി പ്രവർത്തിക്കുന്ന ഏജൻസി എന്ന നിലയിൽ തദ്ദേശ സ്ഥാപനങ്ങളെ വിശകലനം ചെയ്യുക, നിയമപരവും സ്ഥാപനപരവുമായ പരിമിതികൾ, തടസ്സങ്ങൾ ലഘൂകരിക്കുന്നതിനുവേണ്ടി പരിഹാരങ്ങൾ നിർദ്ദേശിക്കുക എന്നിവയായിരുന്ന പ്രോജക്ട് ലക്ഷ്യങ്ങൾ. 2023 ജൂൺ 20ന് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി പ്രോജക്ട് അവസാനിപ്പിച്ചു. പഠന നിഗമനങ്ങൾ തദ്ദേശ സ്ഥാപനങ്ങളുടെ ദുരന്ത ലഘൂകരണ ഭാവി



പ്രവർത്തനങ്ങൾക്ക് മാർഗ്ഗ നിർദ്ദേശങ്ങളായി പരിഗണിക്കാൻ സാധിക്കും.

കോൺക്രീറ്റ് നിർമ്മാണത്തിലെ നോൺ ഡിസ്ട്രക്റ്റീവ് പരിശോധനയും ഗുണനിലവാര നിയന്ത്രണവും: പരിശീലനം

കിലയുടെ സഹകരണത്തോടെ കൊല്ലം TKM കോളേജ് ഓഫ് എഞ്ചിനീയറിംഗ് കോൺക്രീറ്റ് നിർമ്മാണത്തിലെ നോൺ ഡിസ്ട്രക്റ്റീവ് ടെസ്റ്റിംഗ്, ക്വാളിറ്റി കൺട്രോൾ എന്നിവയിൽ ഒരു ഏകദിന പരിശീലനം 2022 ഡിസംബർ 2 ന് സംഘടിപ്പിച്ചു. കോൺക്രീറ്റ് നിർമ്മാണത്തിലെ നോൺ ഡിസ്ട്രക്റ്റീവ് ടെസ്റ്റിംഗ് രീതിയും ഗുണനിലവാര നിയന്ത്രണവും ആയിരുന്നു പരിശീലനത്തിൽ കൈകാര്യം ചെയ്ത പ്രധാന വിഷയങ്ങൾ. തദ്ദേശ സ്വയംഭരണ സ്ഥാപന തല എഞ്ചിനീയർമാർ പരിപാടിയിൽ പങ്കെടുത്തു.

കുടുംബശ്രീ-PRI പരിശീലനം

കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺമാർക്കായി കുടുംബശ്രീയും കിലയും സംയുക്തമായി സംഘടിപ്പിക്കുന്ന അഞ്ച് ദിവസത്തെ റസിഡൻഷ്യൽ പരിശീലനം തിരുവനന്തപുരം ഗ്രാമീണ പഠന കേന്ദ്രത്തിൽ വെച്ചാണ് സംഘടിപ്പിച്ചത്. ഇതുവരെ 387പേർക്ക് പരിശീലനം നൽകി.

തദ്ദേശ സ്വയംഭരണ വകുപ്പിലെ ഉദ്യോഗസ്ഥർക്കായി ECBC & ENS പരിശീലന പരിപാടി

എനർജി മാനേജ്മെന്റ് സെന്ററിന്റെയും കിലയുടെയും നേതൃത്വത്തിൽ കെട്ടിടങ്ങളിലെ ഊർജ്ജ സംരക്ഷണത്തിനായുള്ള നിയമങ്ങളായ കേരള എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് റൂൾസ് 2017, ഇക്കോ നിവാസ് സംഹിത എന്നിവ സംബന്ധിച്ച് മുനിസിപ്പൽ കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, ജില്ലാ പഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടെയുള്ള എല്ലാ തദ്ദേശ സ്ഥാപനങ്ങളിലെയും കെട്ടിട നിർമാണ സ്വയം ഭരണ വിഭാഗം കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർക്കും ഫ്രണ്ട് ഓഫീസ് ഉദ്യോഗസ്ഥർക്കുമുള്ള ഏകദിന പരിശീലന പരിപാടികൾ 2023 ഏപ്രിൽ, മെയ് മാസങ്ങളിൽ ജില്ലകളിലെ വിവിധ കേന്ദ്രങ്ങളിലായി പൂർത്തീകരിച്ചു. 25 ബാച്ചുകളിലായി ക്രമീകരിച്ച പരിശീലന പരിപാടിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നായി 2004 (84%) പേർ പങ്കെടുത്തു.





മേയറുടെ SDG ഫെലോഷിപ്പ് പ്രോഗ്രാം

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനും (കില) കേരളത്തിലെ ആറ് മുനിസിപ്പൽ കോർപ്പറേഷനുകളും സംയുക്തമായി അഹമ്മദാബാദിലെ സെപ്റ്റ് (CEPT) യൂണിവേഴ്സിറ്റിയുമായി ചേർന്ന് മേയറുടെ എസ്. ഡി. ജി. ഫെലോഷിപ്പ് എന്ന പേരിൽ എട്ട് ദിവസത്തെ പോളിസി ഇമ്മേഴ്ഷൻ ഫെലോഷിപ്പ് പ്രോഗ്രാം സംഘടിപ്പിച്ചു. സെപ്റ്റ് (CEPT) യൂണിവേഴ്സിറ്റിയിൽ അർബൻ പ്ലാനിംഗിലും അർബൻ ഡിസൈനിലും മാസ്റ്റേഴ്സ് ചെയ്യുന്ന തിരഞ്ഞെടുക്കപ്പെട്ട ആറ് വിദ്യാർത്ഥികളാണ് മേയേഴ്സ് എസ്. ഡി. ജി. ഫെലോഷിപ്പിൽ പങ്കെടുത്തത്. കേരളത്തിലെ ആറ് മുനിസിപ്പൽ കോർപ്പറേഷനുകളിലൊന്നിൽ ആണ് ഓരോ എസ്. ഡി. ജി. ഫെല്ലോയെയും പ്രവർത്തിച്ചത്. അവിടെ അവർ മേയറുമായി തീം അടിസ്ഥാനമാക്കി കോർപ്പറേഷനെ വികസിപ്പിക്കുന്നതിലും എസ്. ഡി. ജി. പ്രാദേശികവൽക്കരണത്തിനായി ഡാറ്റ ശേഖരിക്കുന്നതിലും പ്രവർത്തിച്ചു. ഫെലോഷിപ്പിന്റെ അവസാനം വിദ്യാർത്ഥികൾ തൃശൂർ കിലയിൽ വച്ച് 20.07.2022ന് അന്തിമ അവലോകനത്തിന് വിധേയരായി. രാവിലെ 10.00 മുതൽ വൈകിട്ട് 5.00 വരെയായിരുന്നു അവലോകന യോഗം. അവലോകനത്തിൽ അവർ അവരുടെ ഫെലോഷിപ്പിനിടെ നടത്തിയ അവരുടെ നേട്ടങ്ങളും സംഭാവനകളും അവതരിപ്പിച്ചു. തൃശൂർ മുനിസിപ്പൽ കോർപ്പറേഷനിൽ മേയറുടെ എസ്.ഡി.ജി. ഫെല്ലോഷിപ്പിനെക്കുറിച്ചുള്ള റിപ്പോർട്ട് ശ്രീമതി കുമാരിതീ സിൻഹ അവതരിപ്പിച്ചു. കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിൽ മേയറുടെ എസ്.ഡി.ജി. ഫെല്ലോഷിപ്പിനെക്കുറിച്ച് നവനീത് രാജ് കെ അവതരണം നടത്തി. കൊല്ലം മുനിസിപ്പൽ കോർപ്പറേഷനിൽ മേയറുടെ എസ്.ഡി.ജി. ഫെല്ലോഷിപ്പിനെക്കുറിച്ച് ശ്രീ ക്ലിൻസൺ ചാക്കോ അവതരണം നടത്തി. തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിൽ മേയറുടെ എസ്. ഡി. ജി. ഫെല്ലോഷിപ്പിനെക്കുറിച്ചുള്ള റിപ്പോർട്ട് ശ്രീമതി ദിഷ ഗദ അവതരിപ്പിച്ചു. കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷനിൽ മേയറുടെ എസ്. ഡി. ജി. ഫെല്ലോഷിപ്പിനെക്കുറിച്ച് ശ്രീമതി റാഫ മുസാദിക് അവതരണം നടത്തി. കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിൽ മേയറുടെ എസ്. ഡി. ജി. ഫെല്ലോഷിപ്പിനെക്കുറിച്ച് മിസ് ഐറിൻ അന്ന അനോണി അവതരണം നടത്തി. അവലോകനത്തിൽ കിലയിലെ അർബൻ ചെയർ പ്രൊഫസർ ഡോ. അജിത് കാളിയത്ത്, സുകന്യ കെ യു, ആർ എ, കില, രേഷ്മ പി എസ്, ആഗിൻ മരിയ, ലുഡ്മില, വരുൺ, ജദീശ്വർ എന്നിവർ പങ്കെടുത്തു.



ധർമ്മടം നിയോജക മണ്ഡലത്തിലെ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കുമുള്ള കാര്യശേഷി വികസന പരിശീലനം

കണ്ണൂർ ജില്ലയിലെ ധർമ്മടം നിയമസഭ/നിയോജക മണ്ഡലത്തിനു കീഴിലെ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കുമുള്ള കാര്യശേഷി വികസന പരിശീലനം 2022 മെയ് 9, 10, 11 തീയതികളിൽ കിലയിൽ വെച്ച് സംഘടിപ്പിക്കുകയുണ്ടായി. പിണറായി, കടമ്പൂർ, വേങ്ങര, ചെമ്പിലോട്, ധർമ്മടം, അഞ്ചരക്കണ്ടി, പെർളാശ്ശേരി, മുഴപ്പിലങ്ങാട് എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിന്നും തലശ്ശേരി, എടക്കാട് എന്നീ ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നുമായി ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമടക്കം 200 പേരാണ് ഈ പരിശീലനത്തിൽ പങ്കെടുത്തത്. കില ഡയറക്ടർ ജനറൽ ഡോ. ജോയ് ഇളമൺ ആമുഖ പ്രഭാഷണം നടത്തി. കേരളത്തിലെ നാളിതുവരെയുള്ള വികസന പരിപ്രേക്ഷ്യങ്ങളെ സ്പർശിച്ചു കൊണ്ട് തികച്ചും പരിശീലനാർത്ഥികളുടെ സമ്പൂർണ പങ്കാളിത്തത്തോടുകൂടിയാണ് പരിശീലനം മുന്നോട്ട് പോയത്.

സമ്പൂർണ കമ്പ്യൂട്ടർ സാക്ഷരത കാമ്പെയ്ൻ

തിരുവനന്തപുരം ജില്ലയിലെ പുല്ലമ്പാറ ഗ്രാമപഞ്ചായത്ത് സമ്പൂർണ ഡിജിറ്റൽ സാക്ഷരത കൈവരിച്ചതിന്റെ പശ്ചാത്തലത്തിൽ കിലയുടെ നേതൃത്വത്തിൽ സംസ്ഥാന ഐ.ടി മിഷൻ, ഡിജിറ്റൽ സർവ്വകലാശാല, ഐ.കെ.എം എന്നീ സാങ്കേതിക സ്ഥാപനങ്ങളുടെ സഹായത്തോടെ സംസ്ഥാനത്തുടനീളം സമ്പൂർണ കമ്പ്യൂട്ടർ സാക്ഷരത കൈവരിക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിനായി 2022 ജൂൺ 9 ന് തൃശൂർ കിലയിൽ വെച്ച് ശില്പശാല സംഘടിപ്പിക്കുകയുണ്ടായി. പുല്ലമ്പാറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഉൾപ്പെടെ സമ്പൂർണ സാക്ഷരത കൈവരിക്കുന്നതിനുവേണ്ടി പ്രവർത്തിച്ച 'ഡിജി പുല്ലമ്പാറ' സംഘം ശില്പശാലയിൽ പങ്കാളികളായി. കില, സംസ്ഥാന ഐ.ടി മിഷൻ, ഡിജിറ്റൽ സർവ്വകലാശാല, ഐ.കെ.എം എന്നീ സ്ഥാപനങ്ങളിൽ നിന്നുള്ള വിദഗ്ധരടക്കം 14 പേർ ശില്പശാലയിൽ പങ്കെടുത്തു. ഓരോ വാർഡ് ഡിവിഷനിലേയും കുടുംബങ്ങളെ ക്ലസ്റ്ററുകളായി തിരിച്ചശേഷം ഓരോ ക്ലസ്റ്ററിനും രണ്ട് വളണ്ടിയർ എന്ന നിലയിൽ ചുമതല ഏൽപ്പിച്ച് ഡിജിറ്റൽ സാക്ഷരത സംബന്ധിച്ച വിവരശേഖരണം നടത്തുന്നതാണ് ഇതിന്റെ രീതിശാസ്ത്രം.

